

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി IV

(SUBJECT COMMITTEE IV)

വ്യവസായവും ധാതുക്കളും

(Industry and Minerals)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2026 ഒക്ടോബർ 28ാംതീയതി സമർപ്പിച്ചത്
(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ
(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി IV

(SUBJECT COMMITTEE IV)

വ്യവസായവും ധാതുക്കളും

(Industry and Minerals)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	84

സബ്ജക്ട് കമ്മിറ്റി IV

(വ്യവസായവും ധാതുക്കളും)

(2026-2028)

ചെയർപേഴ്സൺ

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി,
വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗം

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി

അംഗങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ.

ശ്രീ. ചാണ്ടി ഉമ്മൻ, എം. എൽ. എ.

ശ്രീ. വി. ജോയി, എം. എൽ. എ.

ശ്രീ. രാജൻ ജെ. പല്ലൻ, എം. എൽ. എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ എം. ജെ., എം. എൽ. എ.

ശ്രീ. ഷിബു തെക്കുംപുറം, എം. എൽ. എ.

ശ്രീ. കെ. കെ. വത്സരാജ് എം. എൽ. എ.

ശ്രീ. വിഷ്ണു മോഹൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ശ്യാംകുമാർ എസ്. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി മേബിൾ ആന്റണി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രതീഷ് മോൻ പി., അണ്ടർ സെക്രട്ടറി

അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (I)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

01.04.2025 മുതൽ 31.03.2026 വരെ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2026 ജൂൺ മാസം 23-ാം തീയതിയിലെ 25-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പതിനാറാം കേരളനിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -IV (2026-2028) നിലവിൽ വന്നു. 2023 ഡിസംബർ 07-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം നിലവിൽ വന്ന പതിനഞ്ചാം കേരളനിയമസഭയുടെ സബ്ജക്ട് കമ്മിറ്റി IV- (2023-2026) ന്റെ പ്രവർത്തനങ്ങൾ ആണ് റിപ്പോർട്ട് കാലയളവിൽ ഉൾപ്പെട്ടിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 30.05.2025, 13.08.2025, 24.09.2025, 04.10.2025, 18.02.2026 (2 യോഗം-11:30 A.M., 2:30 P.M.), 19.02.2026 എന്നീ തീയതികളിലായി 07 യോഗങ്ങൾ ചേർന്നു.വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ,2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ,ആനുകാലിക റിപ്പോർട്ട് എന്നിവയുടെ പരിഗണന , വിവിധ ബില്ലുകളുടെ പരിശോധന , 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണന, നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് എന്നിവയുടെ പരിഗണന എന്നിവയ്ക്കാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 57% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

അദ്ധ്യായം II - സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം III സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

അദ്ധ്യായം VI - (എ) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 16.10.2026-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IV.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

അദ്ധ്യായം I

സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്24.09.2025-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 06.10.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 24.09.2025-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 06.10.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു

3. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് 19.02.2026-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 23.02.2026-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1) The Kerala Coir Workers' Welfare Fund (Amendment) Bill, 2025, 24.09.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു . പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29.09.2025-ന് സഭയിൽ സമർപ്പിച്ചു.

2) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ , 24.09.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു . പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29.09.2025-ന് സഭയിൽ സമർപ്പിച്ചു.

3) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ 04.10.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 06.10.2025-ന് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം III
സമിതി പരിഗണിച്ച ചട്ടങ്ങൾ / എസ്. ആർ. ഒ.-കളുടെ വിശദാംശങ്ങൾ

1.2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം.30/2025 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2.2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 401/2022 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3.2023-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 1156/2023 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

4.2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 596/2024 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

5.2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 161/2025 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

6.2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 258/2025 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

7. 2024-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്ട് (2024-ലെ 26-ാം ആക്ട്) പ്രകാരം തയ്യാറാക്കിയ കരട് ചട്ടം 13.08.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ **ചട്ടം 235 എ** പ്രകാരം പഠനവിധേയമാക്കുന്ന വിഷയങ്ങളെക്കുറിച്ച് 2025 മെയ് 30-ലെ സമിതി യോഗത്തിൽ ചർച്ച ചെയ്തു. 13.02.2025-ന ചേർന്ന സമിതി യോഗത്തിൽ

(1) സംസ്ഥാനത്തെ, ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) ഹബ്ബാക്കി മാറ്റുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലെ സാധ്യതകൾ.

(2) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നീ വ്യവസായ മേഖലകളുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ.

എന്നീ വിഷയങ്ങൾ 'കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ' പ്രകാരം പഠനവിധേയമാക്കുന്നതിന് തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത വിഷയങ്ങളിൽ 1-ാം ഇനം ആയി ഉൾപ്പെടുത്തിയിട്ടുള്ള വിഷയത്തിനു പകരം 'ആർട്ടിഫിഷ്യൽ ഇന്റലിജൻസും വ്യവസായ മേഖലയും' എന്ന വിഷയം പഠനവിധേയമാക്കാൻ സമിതി തീരുമാനിച്ചു.

അദ്ധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ (ധനാഭ്യർത്ഥന നമ്പർ XXXVII)

വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	സഭയിൽ സമർപ്പിച്ച തീയതി

സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം	
2024-25	കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്	06.10.2025
	സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്	
	ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്	
	കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)	
	ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്	
	കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)	
	ദി കേരള സിറാമിക്സ് ലിമിറ്റഡ്	
	കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്	
	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	
	കേരള റബ്ബർ ലിമിറ്റഡ്	
	ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്	
	കയർ വികസന വകുപ്പ്	
	കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്	

	കേരള ക്ലേയ്സ് ആൻഡ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് (കെ.സി.സി.പി.)	
	കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്	
	കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)	
	കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്	
	കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി	
	കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ് കോ)	
	കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)	
	ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്	
	കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്	
	കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ	
	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്	
	സാമ്പത്തിക സ്ഥിതിവിവര കണക്ക്	

	വകുപ്പ്	
	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്	
	സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽസ് ഫോർ ജിംഗ്സ് ലിമിറ്റഡ്	
	കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്	
	സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്	
	കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)	
	കെൽട്രോൺ കംപൊണന്റ് കോംപ്ലക്സ്ക്കാവു ലിമിറ്റഡ്	
	മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	
	ആട്ടോകാസ്റ്റ് ലിമിറ്റഡ്	
	കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ	
	കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം)	
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
	കേരള സംസ്ഥാന കൈത്തറി വികസന	

	കാവുകോർപ്പറേഷൻ ലിമിറ്റഡ്	
	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	
	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് വ്യവസായങ്ങൾ	
	കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി	
	കരകൗശല വികസന കോർപ്പറേഷൻ	
	കൈത്തറി-യന്ത്രത്തറി	
2023-2024	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	06.10.2025
	ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്	
	കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്	
	കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ	
	കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്	
	വ്യവസായ വാണിജ്യ വകുപ്പ്	
	കേരള സ്റ്റേറ്റ് ഡ്രഗ്ഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്	

	കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്	
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
2022-23	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	06.10.2025
	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്	
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
	കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്	
	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	
	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്	
	കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്	
2021-22	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	06.10.2025
	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്	
	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
2020-21	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	06.10.2025
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	
	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ്	

	കേരള ലിമിറ്റഡ്	
	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്	
2019-20	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്	06.10.2025
	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	
	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	
	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	
2018-19	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്	06.10.2025
	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	

സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാൻ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു. (24.09.2025-ലെ സമിതി യോഗ തീരുമാനപ്രകാരം)

അദ്ധ്യായം VI

എ) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

ആകെ ശിപാർശകളുടെ എണ്ണം	**റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും**	**റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും**	**മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ**

	മറുപടി ലഭിച്ചിട്ടുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ	മറുപടി ലഭിക്കുവാൻ അവശേഷിക്കുന്ന ശിപാർശകളുടെ ഖണ്ഡിക നമ്പർ	ആകെ എണ്ണം
49	1,3,5 മുതൽ 26 വരെ, 32 മുതൽ 49 വരെ	2,4,27 മുതൽ-31 വരെ	7

ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

1. 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ. നം. 12962/സബ്.സി ബി2/2024/നി.സെ.) (efile No. - KLS/2912/2025-Subc B2)

ശിപാർശ

2851-00-102-84(01) - സംരംഭക സഹായ പദ്ധതി / സംസ്ഥാന നിക്ഷേപ സബ്സിഡി

ബഡ്ജറ്റ് വിഹിതം : 58.50 കോടി രൂപ (പ്ലാൻ)

വകുപ്പിന്റെ സുപ്രധാന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി പ്രകാരം എം. എസ്. എം. ഇ വിഭാഗത്തിൽ അപേക്ഷകരുടെ എണ്ണം ഉയർന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷകർക്ക് പൂർണ്ണമായി തുക അനുവദിക്കാൻ കഴിയാത്തതിനാലും ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 16.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി 60 കോടി രൂപ സംരംഭക സഹായ പദ്ധതിക്കായി 2851-00-102-84(01)-33 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും 31,80,00,000/- രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2024-2025 സാമ്പത്തിക വർഷം 58.50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നതുകൊണ്ട് 2023-2024-ൽ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 60 കോടിയിൽ അനുവദനീയ തുകയായി അനുവദിച്ച 31,80,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 28,20,00,000/- രൂപ അടിയന്തിരമായി 2851-00-102-84(01)-33-പ്ലാൻ എന്ന പദ്ധതി ശീർഷകത്തിൽ സീലിംഗിൽ ഇളവ് നൽകി 2024-2025 സാമ്പത്തിക വർഷം അടിയന്തിരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സാമ്പത്തിക വാർഷാവസാനമായതിനാൽ ധനകാര്യ വകുപ്പ് പ്രൊപ്പോസൽ മാറ്റിവയ്ക്കുകയും ചെയ്തുവെന്ന വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു.

ശിപാർശ

2851-00-103-74 - പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 3.52 കോടി രൂപ (പ്ലാൻ)

വിപണി ഗവേഷണത്തിന്റെ ഭാഗമായി നാലു കേന്ദ്രങ്ങളിൽ ഡിസൈൻ ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, മേൽശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2851-00-103-74(പി) എന്ന ശീർഷകത്തിൽ വിവിധ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയിരുന്ന 3.52 കോടി രൂപയിൽ 233.12 ലക്ഷം രൂപ

വിവിധ പ്രോജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കുന്ന വിവിധ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൈത്തറി ഉല്പന്നങ്ങളിൽ കാലികമായ പുതിയ ഡിസൈനുകൾ രൂപീകരിക്കുന്നതിന് കൊച്ചിയിലും തിരുവനന്തപുരത്തും ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്ന 55 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ റിലീസ് ചെയ്തുനൽകിയിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 50 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2851-00-103-43 - അംശദാന മിതവ്യയ ഫണ്ട്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

നെയ്ത്തുതൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും , വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾക്കായി സഹായം നൽകുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള അംശദാന മിതവ്യയ ഫണ്ട് എന്ന പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ 1 കോടി രൂപയിൽ 49.77 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2851-00-103-38 – നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ വസ്ത്രങ്ങളുടെ ഓരോ അധിക മീറ്ററിനും ഇരട്ടി വേതനവും പരമാവധി 1000 രൂപ ധനസഹായവും നൽകുന്നുണ്ട്. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയി - രുന്ന 4.5 കോടി രൂപയിൽ 2.25 കോടി രൂപ ടി പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 2.25 കോടി രൂപ നൽ കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2851-00-103-25 - യുവ വീവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

കൈത്തറി മേഖലയിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ 'സ്വയം തൊഴിൽ സൃഷ്ടിക്കൽ' പദ്ധതിയിലൂടെ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഏകോപനത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 2851-00-103-25(പി) എന്ന ശീർ ഷകത്തിൽ യുവവീവ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 75 ലക്ഷം രൂപയിൽ 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 75.00 ലക്ഷം രൂപ അനുവദിക്കണമെന്ന്

ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2851-00-105-99-31 – കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 46.4620 കോടി രൂപ (നോൺ പ്ലാൻ)

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 146.34 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച 46.4620 കോടി രൂപക്ക് പുറമേ അധിക ധനാനുമതിയായി, 03-02-2025 തീയതിയിലെ ജി .ഒ(ആർ.റ്റി)നം.105/ 2025/വ്യവ ഉത്തരവ് പ്രകാരം "2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിൽ 13.50 കോടി രൂപ (പതിമൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺപ്ലാൻ)

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു . സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-95-10 – കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം :
1000 രൂപ (നോൺ പ്ലാൻ)

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത /കുടുംബപെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 13.1115925 കോടി രൂപ കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 13.1115925 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് 2851-00-105-95-10 എന്ന ശീർഷകത്തിൽ സർക്കാർ വിഹിതം അംശദായമായി 17/03/2025 തീയതിയിലെ സ .ഉ. (സാധാ)നം.292/2025 സർക്കാർ ഉത്തരവ് പ്രകാരം 115 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത 115 ലക്ഷം രൂപയിൽ, 17,75,857/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുള്ള ഓഡിറ്റ് ചാർജ് അരിയർ ഇനത്തിൽ ഒടുക്കുന്നതിനും ബാക്കിയുള്ള 97,24,143/- രൂപ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള സർക്കാർ വിഹിതം അംശദായമായും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2851-00-105-87 - ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കംപ്യൂട്ടർവത്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള വില്പനശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യയുടെയും സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽക്കരണവും, പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മൊബൈൽ സെയിൽസ് വാൻ വാങ്ങൽ, പ്രധാന ഗ്രാമസൗഭാഗ്യകളുടെ നവീകരണം ,

നിലവിലുള്ള ഗോഡൗണുകളുടെ നവീകരണവും ആധുനികവൽക്കരണവും പുതിയ പ്രൊജക്ട് ഗോഡൗൺ സ്ഥാപിക്കൽ, പുതിയ ഖാദി ഗ്രാമ സൗഭാഗ്യ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 7.32 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-86 - മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതിയ തൊഴിലാളികൾക്കുള്ള ടെയിനിംഗ്, ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, അവർക്കുള്ള വർക്കിംഗ് ക്യാപിറ്റൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതിക വിദ്യ നവീകരിക്കൽ, പ്രീ ലൂം പ്രോസസ്സിംഗ്, സ്പിന്നിംഗ്, വീവിംഗ്, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹാർദ്ദ തൊഴിലിടങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.37 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-85 - പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം :2.80 കോടി രൂപ (പ്ലാൻ)

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശ്യങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.80 കോടി രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 7.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-73 - ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 5.60 കോടി രൂപ (പ്ലാൻ)

ഖാദി നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ബത്ത നൽകുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-72 - വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ യൂണിറ്റ് നവീകരണം, സോപ്പ് യൂണിറ്റിന് മേൽക്കൂര സ്ഥാപിക്കൽ, സോപ്പ് യൂണിറ്റിൽ അസംസ്കൃത

വസ്തുക്കൾ സംഭരിക്കുന്നതിന് പുതിയ സംഭരണ ടാങ്കുകൾ സ്ഥാപിക്കൽ, ആലപ്പുഴ ആർ. എം. ജി യൂണിറ്റിന്റെ ശാക്തീകരണം, കോഴിക്കോട് ബാലുശ്ശേരിയിലെ ഓയിൽ യൂണിറ്റ് നവീകരണം, , കണ്ണൂർ പാപ്പിനിശ്ശേരി എച്ച്. എം. പി യൂണിറ്റ് നവീകരണം എന്നിവയിലൂടെ ഉത്പാദനവും പുതിയ തൊഴിലവസരവും സൃഷ്ടിക്കുക എന്നതാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-71 - വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും
ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.42 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-66-(02) – ഖാദി ഗ്രാമ വ്യവസായ വികസനം –
വാർത്താവിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 54 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-66(03) - ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 29 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-105-64 - ഖാദി സിൽക്ക് വീവിംഗ് പ്രൊജക്ട്

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത്

യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം, കൂടാതെ പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു . സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2851-00-106-92(02) - വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി) - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം , തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം , പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2851-00-106-92(02) (പി) ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതമായി അനുവദിച്ച 10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. 31/08/2024 ലെ സ.ഉ.(അച്ചടി)നം.76/2024/ധന ഉത്തരവ് പ്രകാരം പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം നിലനിന്നിരുന്നതിനാൽ അധികമായി തുക വകയിരുത്താൻ സാധിച്ചില്ല.

ശിപാർശ

2851-00-106-26 – കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2851-00-106-26 (പി) ശീർഷകത്തിൽ നിന്നും 1.962 കോടി രൂപ (56.06%) വിനിയോഗിച്ചിട്ടുണ്ട്. 31/08/2024 ലെ സ .ഉ.(അച്ചടി) നം.76/2024/ധന ഉത്തരവ് പ്രകാരം പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം നിലനിന്നിരുന്നതിനാൽ അധികമായി തുക വകയിരുത്താൻ സാധിച്ചില്ല.

ശിപാർശ

2852-08-600-90 - ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനും ഓരോ താലൂക്കിലും എച്ച്. പി. ഒ. രൂപീകരിക്കുവാൻ 2024-25 വർഷത്തെ പദ്ധതി വിഭാവനം ചെയ്ത പ്രകാരം പദ്ധതി ഘടകം പ്രാഥമികമായി 30 താലൂക്കുകളിൽ ആരംഭിക്കുന്നതിനും കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിലേയ്ക്കുമായി 30 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

4860-60-190-94 - കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 1.55 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ &അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും 2022, 2023 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ 8 കോടി രൂപയും ഉൾപ്പെടെ ആകെ 70.05 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 70.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2852-08-600-81 - ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99 - കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2021, 2022, 2023 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുമായി 24.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 24.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2852-08-600-79 - നഷ്ടപ്പെട്ട ഉപജീവനം പുനഃസൃഷ്ടിക്കുന്നതിന് ചെറിയ, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള വായ്പകൾക്ക് ഇന്ററസ്റ്റ് സബ്സിഡി വെൻഷൻ, മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2853-02-001-98 - ജില്ലാ ഘടകങ്ങളുടെ രൂപീകരണം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ധാതു നിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ 2853-02-001-98 എന്ന ഹെഡ്ഡിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി തുക പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിനാൽ റീ അപ്രോപ്രിയേഷൻ വഴി മോഡണൈസേഷൻ ഓഫ് മൈനിംഗ് ആന്റ് ജിയോളജി എന്ന ഹെഡ്ഡിൽ നിന്നും 50 ലക്ഷം രൂപ വകമാറ്റുകയും ആകെ 96.80 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2853-02-001-97 - ഇ - ഗവേണൻസ് പദ്ധതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ
ഇ-ഗവേണൻസ് സംരംഭമാണ് KOMPAS. സംസ്ഥാനത്തെ ഖനികളും ധാതുക്കളും സംബന്ധിച്ച് പൗര കേന്ദ്രീകൃതവും ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ഇലക്ട്രോണിക് സേവന വിതരണം KOMPAS ഉറപ്പാക്കുകയും ചെയ്യുന്നു. വകുപ്പിൽ നിലവിലുള്ള KOMPAS പോർട്ടൽ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആയി മാറ്റുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇ-ഗവേണൻസ് സംരംഭമാണ് KOMPAS. ഇംപ്ലിമെന്റേഷൻ ഓഫ് ഇ-ഗവേണൻസ് പ്രോജക്ടിനായി 150 ലക്ഷം രൂപ 2853-02-001-97 പ്ലാൻ എന്ന ഹെഡ്ഡിൽ വകയിരുത്തിയിരുന്നു . എന്നാൽ G.O(P) No. 76/2024/Fin dt. 31.08.2024 ഉത്തരവ് പ്രകാരം 106.5 ലക്ഷം രൂപയായി പദ്ധതി തുക പുന:ക്രമീകരിച്ചിരുന്നു. ഇതിൽ നിന്നും KOMPAS ന്റെ സേവനവുമായി ബന്ധപ്പെട്ട് NIC-ക്ക് 25 ലക്ഷം രൂപ നൽകുന്നതിനും KOMPAS 2.0 ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ ഘട്ടത്തിനായി 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും ഭരണാനുമതി നല്കിയിരുന്നു. എന്നാൽ NIC കരാർ ജീവനക്കാരുടെ സേവനം താൽക്കാലികമായി നിർത്തിവെച്ചതിനെ തുടർന്ന് NIC യിൽ നിന്നും തുക നൽകുന്നതിനുള്ള ഇൻവോയ്സ് ലഭിക്കാത്തതു കാരണം G.O(Rt) No. 184/2025/ID dt. 19.02.2025 ഭരണാനുമതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ NIC യ്ക്ക് നൽകേണ്ടിയിരുന്ന 25 ലക്ഷം രൂപ നൽകുന്നതിന് സാധിച്ചിരുന്നില്ല. കൂടാതെ KOMPAS 2.0 സംബന്ധിച്ചുള്ള ലേല നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലാതിരുന്നതിനാൽ ടി പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിനായി G.O(Rt) No. 248/2025/ID dt. 06.03.2025 ഭരണാനുമതി പ്രകാരം നീക്കിവച്ചിരുന്ന 30 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുന്നതിന് സാധിച്ചിരുന്നില്ല . അതിനാൽ കമ്മിറ്റി ശുപാർശ ചെയ്തതു പ്രകാരം അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

2853-02-001-96 - ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 2.02 കോടി രൂപ (പ്ലാൻ)

പൊതുജനങ്ങൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 22.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

മോഡണൈസേഷൻ ഓഫ് മൈനിംഗ് & ജിയോളജിക്ക് ബഡ്ജറ്റിൽ 202 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ G.O(P) No. 76/2024/Fin dt. 31.08.2024 ഉത്തരവ് പ്രകാരം പദ്ധതി വിഹിതം ക്രമീകരിച്ചതിനെ തുടർന്ന് ഡയറക്ടറേറ്റിലെ റീവയറിങ് നടത്തുന്നതിന് PWD Electrical വിഭാഗത്തിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം സർക്കാരിൽ നിന്നും 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി തുക വിനിയോഗിച്ച് റീവയറിങ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഹെഡ്ഡിൽ നിന്നും 50 ലക്ഷം രൂപ Strengthening of District Organisation /Sub offices, Hire charges of motor vechicles എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേഷൻ വഴി വക മാറ്റുകയും ചെയ്തിരുന്നു. അതിനാൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

2853-02-003-99 - ഉദ്യോഗസ്ഥന്മാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും മറ്റു കേന്ദ്രങ്ങളിലും ജനങ്ങൾ നൽകുന്ന അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായും ക്ലറിക്കൽ വിഭാഗത്തിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തതാണ് ഇതിനു കാരണമെന്നും കണ്ടെത്തിയ സമിതി, ആയത് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

മൈനിംഗ് & ജയോളജി വകുപ്പിന്റെ ഓഫീസുകളിൽ ക്ലറിക്കല് വിഭാഗത്തിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തത് പരിഹരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

ശിപാർശ

മൈനിംഗ് & ജിയോളജി വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ്, ക്ലറിക്കൽ/അക്കൗണ്ടന്റ് വിഭാഗം ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽമേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഗസറ്റഡ്/നോൺ ഗസറ്റഡ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ G.O(P) No. 76/2024/Fin dt.31.08.2024 ഉത്തരവ് പ്രകാരം പദ്ധതി തുക 2.5 ലക്ഷം രൂപയായി പുന:ക്രമീകരിക്കുകയും ആയതിൽ നിന്നും 2.485 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി അധികമായി 5 ലക്ഷം രൂപ അനുവദിക്കുവാൻ കമ്മിറ്റി ശിപാർശ ചെയ്തത് പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ പരിമിതിയുടെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ സാമ്പത്തിക ക്രമീകരണത്തെ തുടർന്ന് തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശിപാർശ

4851-00-190-99 - കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ (ഹാൻവീവ്)

ബഡ്ജറ്റ് വിഹിതം : 1.95 കോടി രൂപ (പ്ലാൻ)

ഹാൻവീവിൽ ഇ-ഗവേണൻസ്, നവീകരണം, കംപ്യൂട്ടർവൽക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം , ഷോറൂമുകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

ഹാൻവീവിന് 2024-25 സാമ്പത്തിക വർഷം 4851-00-190-99 എന്ന ശീർഷകത്തിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ 195 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രവർത്തന മൂലധന സഹായമായി 100 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് കൊടുത്ത് തീർക്കുന്നതിന് 175 ലക്ഷം രൂപയും സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ 40 ലക്ഷം രൂപയും ഹാൻവീവിന് അനുവദിച്ചിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

4851-00-195-95 - കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്)

ബഡ്ജറ്റ് വിഹിതം : 2.45 കോടി രൂപ (പ്ലാൻ)

ഹാന്റെക്സിന്റെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുന്ന- തിനുമായി ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ഹാന്റെക്സിന് 2024-25 സാമ്പത്തിക വർഷം 4851-00-195-95 എന്ന ശീർഷകത്തിൽ ജി.എസ്.പി പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി 245 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 122.5 ലക്ഷം രൂപ ഹാന്റെക്സിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഹാന്റെക്സിന് നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഹാന്റെക്സിന് പുനരുദ്ധാരണ പദ്ധതിയ്ക്കായി 6 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

4859-02-004-89 - ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജി ഹബ്
(കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ്
കോർപ്പറേഷൻ ലിമിറ്റഡ്)

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

'പിസിബി മാനുഫാക്ചറിങ് ഫെസിലിറ്റി' പദ്ധതിയുടെ ഭാഗമായി ബ്രൗൺ ഫീൽഡ് പ്രൊജക്ട് ഒന്നാം ഘട്ടം എന്ന നിലയിൽ പാലക്കാടുള്ള ഐ ടി ഐ-യുമായി സഹകരിച്ച് PCB മാനുഫാക്ചറിങ് തുടങ്ങാനുള്ള പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെൽട്രോണിന് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കുവാൻ സാധിച്ചിട്ടില്ലാത്തതി നാലും സർ ക്കാരിന്റെ വിഭവപരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതികൾക്ക് മുൻഗണനാക്രമം ഏർ പ്പെടുത്തിയതിനാലും സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല.

ശിപാർശ

4860-60-190-90 - കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കേരള റബ്ബർ ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർ പ്ലാൻ ഘട്ടം ഒന്നിന്റെ ഭാഗമായി 2024-25 വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി നിലവിലെ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയിരുന്നു. അതിൻപ്രകാരം 21.10.2024-ന് ചേർന്ന, ചീഫ് സെക്രട്ടറി അധ്യക്ഷയായ, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനായുള്ള സെക്രട്ടറിതല സമിതി യോഗം കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പകുതിയായി നിജപ്പെടുത്തിയിരുന്നു (4.5 കോടി)

ആയതിനാൽ, കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 4860-60-190-90 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

4885-01-190-95 - കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ BOPP Film Metalization Plant സ്ഥാപിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡിന് വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് ടി വർഷം നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിനാലും സർക്കാരിന്റെ വിഭവപരിമിതിയുടെ പശ്ചാത്തലത്തിലും സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4885-60-800-96 - പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക

ബഡ്ജറ്റ് വിഹിതം : 36.30 കോടി രൂപ (പ്ലാൻ)

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കി വരുന്നതായും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ധനസഹായത്തിനു പുറമേ ബാങ്കുകൾ, ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നതുവരെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് സ്ഥാപനങ്ങളുടെ നിലനിൽപ്പിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും അനിവാര്യമാണെന്നും വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാർ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയതിനാൽ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം അനുവദിക്കുകയാണ് ചെയ്തത്. ടി സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശിപാർശ

6851-00-190-90 - കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ (സിഡ്കോ)

ബഡ്ജറ്റ് വിഹിതം : 6.50 കോടി രൂപ (പ്ലാൻ)

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മേജർ , മിനി വ്യവസായ എസ്റ്റേറ്റുകളുടെയും വ്യവസായ പാർക്കിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ആയ ഇന്റേണൽ റോഡുകൾ നവീകരിക്കുന്നതിനും ചുറ്റുമതിൽ ഇല്ലാത്ത എസ്റ്റേറ്റുകളിൽ ആയത് നിർമ്മിക്കുന്നതിനും പൊട്ടിപ്പൊളിഞ്ഞു ശോച്യാവസ്ഥയിലുള്ള ചുറ്റുമതിലുകൾ നവീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയ സാഹചര്യത്തിൽ, സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തുകയ്ക്കായി സിഡ്കോ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല.

ശിപാർശ

6851-00-190-86 - കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കേരള ബാംബൂ കോർപ്പറേഷനു കീഴിലുള്ള നല്ലളം ഫാക്ടറിയിൽ ടൈലിന്റെ ഉത്പാദനത്തിന് കേരളത്തിൽ നിന്നും ലഭിക്കുന്ന കല്ലൻ മുള ഉപയോഗിക്കാവുന്ന രീതിയിൽ ഇപ്പോഴുള്ള മെഷീനറികൾ ആധുനികവത്ക രിക്കുന്നതിനായി 75 ലക്ഷം രൂപയും തൊഴിലാളികൾക്ക് ശമ്പളവും അനുബന്ധ കുടിശ്ശികയും നൽകുന്നതിനും സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും മറ്റും അടയ്ക്കുന്നതിലേയ്ക്കായി 10.50 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

ബാംബൂ കോർപ്പറേഷന് വർക്കിങ് ക്യാപ്പിറ്റൽ സപ്പോർട്ടായി 29-08-2024 തീയതിയിലെ ജി.ഒ (ആർ.റ്റി) നം.780/2024/വ്യവ, 10-03-2025 തീയതിയിലെ ജി.ഒ(ആർ.റ്റി) നം.262/2025/വ്യവ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 300 ലക്ഷം രൂപയും, സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും മറ്റും അടയ്ക്കുന്നതിലേയ്ക്കായി 22-02-2025 തീയതിയിലെ ജി .ഒ (ആർ.റ്റി) നം.202/2025/വ്യവ പ്രകാരം 195 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അധികധനാനുമതിയായി അനുവദിച്ചിരുന്നില്ല.

ശിപാർശ

6853-60-190-97 - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 17.24 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

പദ്ധതി പ്രാരംഭദശയിലായതിനാലും സർക്കാർ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റെ പശ്ചാത്തലത്തിലും, പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിലും 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾ ക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാലും സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

6854-01-190-98 - കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

2024-25 വർഷത്തിൽ നടത്താനിരിക്കുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിലെ വാൾപ്പാട്ടി യൂണിറ്റിന്റെ നവീകരണവും വെള്ള സിമന്റ് യൂണിറ്റിന്റെ ഇൻസ്റ്റമെന്റേഷനുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

സർക്കാർ സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി പ്രവർത്തനങ്ങൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയ ക്രമീകരണം പാലിക്കേണ്ടിവന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ 375 ലക്ഷം രൂപ കമ്പനിക്ക് അനുവദിച്ചു. സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശിപാർശ

6858-01-190-98 - ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തലശ്ശേരി ഹൗസ് വയറിംഗ് കേബിൾ യൂണിറ്റിൽ ഉയർന്ന ഉൽപ്പാദനശേഷി കൈവരിക്കുന്നതിന് ബാലൻസിങ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ധനപുനഃ ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശിപാർശ

6858-01-190-96 - കേരള ഇലക്ട്രിക്ക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 12.85 കോടി രൂപ (പ്ലാൻ)

കെ ഇ എൽ കണ്ടറ യൂണിറ്റിന്റെ നവീകരണവും വിപുലീകരണവും പ്രസ്തുത യൂണിറ്റിൽ ഇലക്ട്രിക്ക് വാഹങ്ങൾക്കായുള്ള ഇലക്ട്രിക്ക് മോട്ടോറുകളുടെ നിർമ്മാണം , ലോക്കോമോട്ടീവുകൾക്കുള്ള ട്രാക്ഷൻ മോട്ടോർ, ട്രാക്ഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, Power Transformer Type Test നടത്തുന്നതിനുള്ള സജ്ജീകരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് 2024-25 സാമ്പത്തിക വർഷം ട്രാക്ഷൻ മോട്ടോറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി , ആധുനികവൽക്കരണ പദ്ധതി, പ്രവർത്തന മൂലധനം, സ്റ്റാറ്റ്യൂട്ടറി ബാധ്യതകളിലെ കുടിശ്ശികകൾ തീർക്കുന്നതിനുള്ള ധനസഹായം എന്നിവയിലായി 1170 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. സംസ്ഥാന സർക്കാർ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തി പദ്ധതി പ്രവർത്തനങ്ങൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കിയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

6858-02-190-94 - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 3 ടൺ ഓപ്പൺ ഹാമ്മർ, എൽ. പി. ജി കൺവെർഷൻ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 96 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

സർക്കാരിന്റെ ആ കാലയളവിലെ സാമ്പത്തിക പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പാക്കിയതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും

കമ്പനിക്ക് അനുവദിക്കാതിരുന്നതിനാലും സമിതി നിർദ്ദേശിച്ച പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

6858-03-190-99 - കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിനും അതിനാവശ്യമായ അസംബ്ലി ലൈൻ സ്ഥാപിക്കുന്നതിനും മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഫാക്ടറിയുടെ തനതുൽപന്നങ്ങളായ ഇ -റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ എന്നിവയ്ക്ക് തുടക്കത്തിൽ മാർക്കറ്റിൽ ഉണ്ടായിരുന്ന ആധിപത്യം കുറയുന്നതായും സർവ്വീസ് സെന്ററുകളുടെ അഭാവമാണ് ഇതിനു കാരണമെന്നും സമിതി മനസ്സിലാക്കുന്നു ആയതിനാൽ മതിയായ സർവ്വീസ് സെന്ററുകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

നിലവിൽ തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഡീലർഷിപ്പുകൾ പ്രവർത്തനക്ഷമമല്ലാത്ത തിനാൽ, ഡീലർമാരുടെ അഭാവത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പനാ നന്തരസേവനം സർവ്വീസ് സെന്ററുകൾ മുഖേനയല്ലാതെ കമ്പനി നേരിട്ട് നൽകികൊണ്ടിരിക്കുകയാണ്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഇ-ഓട്ടോ നവീകരിക്കുന്നതിന്റെ ഭാഗമായി മൈലേജ് കൂടിയ ബാറ്ററി, ഇൻഡിപെൻഡന്റ് റിയർ സസ്പെൻഷൻ എന്നീ സവിശേഷതകൾ ഉൾപ്പെടുത്തി ക്കൊണ്ട് പുതിയ മോഡൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരികയാണ് . ഇതിന്റെ വിപണനം ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ കേരളത്തിലുടനീളം പുതിയ ഡീലർമാരെ നിയമിച്ച് കമ്പനിക്ക് പ്രതീക്ഷിച്ച രീതിയിലുള്ള ഉല്പാദനവും വിപണനവും കൈവരിക്കാൻ സാധിക്കുകയുള്ളൂ. 2024-2025 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന

തുക ഉപയോഗിച്ച് നിർവ്വഹിക്കാൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശിപാർശ

6858-60-190-99 - കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

കേരള സ്റ്റീൽ ഇൻഡസ്ട്രിയൽ ലിമിറ്റഡിന്റെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിൽ മെഷിനറികൾ സ്ഥാപിക്കൽ, ജി. ഇ. ഡബ്ലിയുവിൽ മെഷീൻ സ്ഥാപിക്കൽ, ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ 360 കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പാക്കിയതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണമായും കമ്പനിക്ക് അനുവദിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലായതിനാലും സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

6858-60-190-89 - ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

ഓട്ടോകാസ്റ്റിന്റെ സമഗ്രനവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടാതെ രണ്ടു മെഗാ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർ

തഥന വഴിയോ 6.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക കമ്പനിക്ക് പൂർണമായും അനുവദിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലായതിനാലും സർക്കാരിന്റെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കമ്പനിക്ക് വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല .ഈ സാഹചര്യത്തിൽ കമ്പനിക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

6860-01-190-99 - തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം സ്പിന്നിംഗ് മിൽ പ്ലാന്റിന്റെയും മെഷിനറികളുടെയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും 2019-2020-ലെ പദ്ധതിയുടെ അവസാനഘട്ട പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1.50 കോടി രൂപയിൽ 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിനു പുറമേ 1.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

6860-01-190-97 - സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 65 ലക്ഷം രൂപ (പ്ലാൻ)

മില്ലിന്റെ നിലവിലുള്ള നവീകരണത്തിന്റെ പൂർത്തീകരണം , ആധുനിക വത്കരണം, പുതിയ റിംഗ് ഫ്രെയിമിന്റെ ഇൻസ്റ്റലേഷൻ , പഴയ മെഷീനറികളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് 2024-25 വർഷം ബഡ്ജറ്റിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 19.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 75.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

6860-01-190-95 - കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 28.50 കോടി രൂപ (പ്ലാൻ)

കോർപ്പറേഷനു കീഴിലുള്ള മലബാർ , കോട്ടയം സ്പിന്നിങ്ങ് മില്ലുകൾ, എടരിക്കോട് ടെക്സ്റ്റൈൽസ് മുതലായവയുടെ ആധുനികവത്കരണ പ്രക്രിയയ്ക്കും സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 28.50 കോടി രൂപയിൽ 21.48 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (കെ.എസ്.ടി.സി) ആകെ ചെലവിൽ , വിറ്റുവരവിന്റെ ഏകദേശം 18.57% ചെലവ് (2023-24) വൈദ്യുതി ചാർജിനത്തിലാണ്. ഉയർന്ന ശമ്പള വേതന നിരക്ക്, അസംസ്കൃത വസ്തുവിന്റെ വിലയിലുള്ള ഉയർന്ന വ്യതിയാനം എന്നീ ചെലവുകൾ മില്ലുകളുടെ നിയന്ത്രണത്തിനു വിധേയമല്ലാത്തതിനാൽ മറ്റു പ്രധാനപ്പെട്ട ചെലവിനമായ

വൈദ്യുതിയുടെ ചെലവ് നിയന്ത്രിക്കുന്നതിനായി സോളാർ പോലെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനാൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (കെ.എസ്.ടി.സി) കീഴിലുള്ള മിതമായ രീതിയിൽ നവീകരിക്കപ്പെട്ട ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിങ് & വീവിങ് മിൽസ്, മലബാർ സ്പിന്നിങ് & വീവിങ് മിൽസ് എന്നിവിടങ്ങളിൽ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായിട്ടുള്ള 17 കോടി രൂപയുടെ അധിക ധനസഹായം ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

6860-05-190-99 - കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് രണ്ടു ഘട്ടമായി പൂർത്തീകരിച്ച പേപ്പർ മെഷീൻ പ്ലാന്റ്, മെക്കാനിക്കൽ പൾപ്പിങ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾപ്പിങ് പ്ലാന്റ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനവും തുടർന്ന് വാണിജ്യ അടിസ്ഥാനത്തിലുള്ള ഉല്പാദനവും കെ. പി. പി. എൽ ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി നിലവിലെ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം 21-10-2024-ന് ചേർന്ന ചീഫ് സെക്രട്ടറി അധ്യക്ഷയായ , 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനായുള്ള സെക്രട്ടറിതല സമിതി യോഗം, കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പകുതിയായി (പത്തു കോടി രൂപ) നിജപ്പെടു ത്തിയിരുന്നു.

ഈ സാഹചര്യത്തിൽ, കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 6860-05-190-99 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൗഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനും കൂടാതെ പ്രവർത്തന മൂലധനത്തിലുള്ള ശോഷണം മറികടക്കാനുള്ള മാർജിൻ മണിയായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ധനപുനഃക്രമീ കരണത്തിന്റെ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തി നടപ്പിലാക്കുക-യാണുണ്ടായത്. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

6860-60-190-78 - കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 40.81 കോടി രൂപ (പ്ലാൻ)

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനും പ്രതിവർഷം തൊഴിലാളികൾക്ക് 50 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 34.19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

2. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫ. നം. 12256/സബ്.സി ബി2/2023/നി.സെ.) (efile No. - KLS/3819/2025-Subc B 2)

ശിപാർശ

ശീർഷകം: 2851-00-102-84(01)-33 സംരംഭക സഹായ പദ്ധതി/സംസ്ഥാന നിക്ഷേപ സബ്സിഡി/സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 60 കോടി രൂപ (പ്ലാൻ)

വ്യവസായ വകുപ്പിന്റെ സുപ്രധാന ഫ്ലാഗ് ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നേട്ടം പൂർണ്ണമായും കൈവരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി വരും വർഷത്തിലും നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 2

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം സംരംഭക സഹായ പദ്ധതി (ESS) (2851-00-102-84(01)-33 Plan) പദ്ധതിക്ക് 60 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ ബജറ്റ് സീലിങ്ങിനു വിധേയമായി ലഭിച്ച തുക ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കേരള ഫിനാൻഷ്യൽ കോർപ്പറേഷനു (KFC) മായി വിതരണം ചെയ്യുകയും 38,47,24,471/- രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. സീലിംഗ് വർദ്ധനവിനാവശ്യമായ തത്തുല്യമിച്ചം കണ്ടെത്തി റിപ്പോർട്ട് ചെയ്ത 95.37 ലക്ഷം രൂപയുടെ മിച്ചം തുകയുടെ അടിസ്ഥാനത്തിൽ 2851-00-102-84(01)-33-പ്ലാൻ ശീർഷകത്തിലെ ceiling 66.59% ആയി ഉയർത്തിയിട്ടുള്ളതും മിച്ചം റിപ്പോർട്ട് ചെയ്തിട്ടുള്ള

ശീർഷകങ്ങളിൽ കുറവ് വരുത്തുകയും ചെയ്തിരുന്നു. ടി സാഹചര്യത്തിലും ബജറ്റിൽ അനുവദിച്ചു ലഭിച്ച 60 കോടി രൂപ പൂർണമായി ലഭിക്കാത്ത സാഹചര്യത്തിലും ആണ് സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023-24 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ട് (2023-24) പ്രകാരം ശുപാർശ ചെയ്ത 15 കോടി രൂപയ്ക്ക് മാത്രം ആയി അധികമായി തുക ആവശ്യപ്പെടാതിരുന്നത് എന്ന് സാദരം അറിയിക്കുന്നു

(റഫറൻസ് നം.IND-B2/320/2023-IND തീയതി 11.02.2025 & തീയതി 10.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം: 2851-00-102-25(01)—നാനോ യൂണിറ്റുകൾ - അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായം

ബഡ്ജറ്റ് വിഹിതം: 18 കോടി രൂപ (പ്ലാൻ)

നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്ന ഈ പദ്ധതിക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ പദ്ധതിക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 3

സ്വീകരിച്ച നടപടി

നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി| ഗ്രാന്റ് നൽകുന്ന (2851-00-102-25(1) പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിരുന്ന 18 കോടി രൂപയിൽ ബജറ്റ് സീലിങ്ങിനു വിധേയമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് ആകെ 11,70,00,000/- രൂപ അനുവദിക്കുകയും ആയതിൽ

10,36,55,288/-ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ആനുകൂല്യം ഫ്രന്റ് ഏൻഡ് സബ്സിഡി ആയാണ് വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ തുകയുടെ 40% ബാങ്ക് വായ്പയായും 20%/30% ഗുണഭോക്തൃ വിഹിതമായും അവശേഷിക്കുന്ന 40%/30% സബ്സിഡിയായും ആണ് കണ്ടെത്തുന്നത്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷിക്കുന്ന സംരംഭങ്ങൾക്ക് സബ്സിഡി തുക സമയബന്ധിതമായി ലഭ്യമായില്ലെങ്കിൽ സംരംഭം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. 2023-24 സാമ്പത്തിക വർഷം ബജറ്റ് സീലിംഗ് നിലവിൽ ഉണ്ടായിരുന്നതിനാൽ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 18 കോടി രൂപ പൂർണ്ണമായും ലഭിക്കുകയും ചെയ്തിരുന്നില്ല. ടി സാഹചര്യത്തിൽ ആണ് സാമ്പത്തിക വർഷാവസാനം കൂടുതൽ തുക ആവശ്യപ്പെടാതിരുന്നത് എന്നത് സാദരം അറിയിക്കുന്നു.

(റഫറൻസ് നം.IND-B2/320/2023-IND തീയതി 11.02.2025 & തീയതി 10.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം-**2851-00-103-74 : പരിശീലനവും വികസനവും:**

ബഡ്ജറ്റ് വിഹിതം **: 2.9** കോടി രൂപ **(പ്ലാൻ)**

കോവിഡ്-19 മഹാമാരിക്ക് ശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും കണ്ണൂർ ഐ.ഐ.എച്ച്.ടി.-ക്ക് ഭരണ ചെലവുകൾ ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾക്കായി ഫണ്ടൊന്നും ലഭിച്ചിട്ടില്ല എന്നും ആയത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇതിനായി വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ

ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **1.55 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

കണ്ണൂർ ഐ.ഐ.എച്ച്.ടി.ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ ഭരണ ചെലവുകൾ ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഉപധനാഭ്യർത്ഥന വഴി 1.55 കോടി രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. ബഡ്ജറ്റിൽ വകയിരുത്തിയ 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം – **2851-00-103-38 : നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി**

ബഡ്ജറ്റ് വിഹിതം **: 4.5** കോടി രൂപ **(പ്ലാൻ)**

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയുടെ കൈത്തറി വസ്തുങ്ങളുടെ ഉല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **4.5 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു."

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ 4.5 കോടി രൂപ വകയിരുത്തിയിരുന്നു. 2023-24 സാമ്പത്തിക വർഷം 271.76 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2022-23 വരെ 19.10 കോടി രൂപയുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയതിനാൽ 4.5 കോടി രൂപ ഉപധനാഭ്യർത്ഥ വഴി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-104-86—പൊതുപ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

കരകൗശല മേഖലയിൽ പൊതുപ്രവർത്തന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 6

സ്വീകരിച്ച നടപടി

സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ. കെൽപാം തുടങ്ങിയ സ്ഥാപനങ്ങൾ വ്യക്തമായ പ്രൊജക്ട് റിപ്പോർട്ടോടു കൂടിയ വിശദമായ പ്രൊപ്പോസൽ യഥാസമയം സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അനുവദിച്ചിരുന്നില്ല എന്ന് സമിതിയെ അറിയിക്കുന്നു.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-104-70—പരമ്പരാഗത സ്വർണ്ണ പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പ്ലാൻ)

സംസ്ഥാനത്തെ പരമ്പരാഗത സ്വർണ്ണ പണിക്കാർക്ക് ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുവാൻ കാഡ്കോ, ജെം ആൻഡ് ജ്വവലറി സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യ എൻ.എസ്.ഡി.സി.യുമായി ചേർന്ന് നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ നടത്തുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 7

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 10.6 ലക്ഷം അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകയിൽ ചെലവഴിക്കാതെ ശേഷിച്ച 9.97 ലക്ഷം രൂപ സർക്കാർ ടി സാമ്പത്തിക വർഷാവസാനം തിരിച്ചു പിടിക്കുകയും തുടർന്ന് 2024-25 സാമ്പത്തിക വർഷം കാഡ്കോയുടെ അഭ്യർത്ഥന പ്രകാരം ടി തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 29.40 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറുടെ ശിപാർശ സഹിതം കാഡ്കോ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ ഭാഗമായി 9.40 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട് എന്ന് സമിതിയെ അറിയിക്കുന്നു.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-104-69—ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

സുരഭിയുടെ കോവളത്തെ ക്രാഫ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 8

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി ഒരു ലക്ഷം രൂപയ്ക്ക് പുറമെ 99 ലക്ഷം രൂപ വകയിരുത്തുന്നതിന് ആവശ്യമായ അധിക തുക-പുനർ വിന്യാസം/അധിക തുക സമാഹരണം എന്നീ രീതികളിലൂടെ നടപ്പു സാമ്പത്തിക വർഷത്തിൽ (2023-24) കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സുരഭിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് തിരുവനന്തപുരത്ത് നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ പ്രസ്തുത പദ്ധതിയ്ക്കായുള്ള സുരഭിയുടെ 12 സെൻറ് സ്ഥലം വിൽക്കാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ട് സുരഭി സെക്രട്ടറി വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്.

തുടർന്ന് സുരഭി'യുടെ വസ്തുക്കൾ വിൽക്കാതെ തന്നെ 'സുരഭി'യുടെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും മറികടക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ക്രാഫ്റ്റ്

കോംപ്ലക്സ് പദ്ധതിയ്ക്കായി സുരഭിയിൽ നിന്നും പിന്നീട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക അനുവദിച്ചിരുന്നില്ല എന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്

2851-00-105-99-31— ഭരണപരമായ ചെലവുകൾ - സഹായധനം - ശമ്പളം:

ബഡ്ജറ്റ് വിഹിതം : 46.002 കോടി രൂപ (നോൺ പ്ലാൻ)

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 160.425 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 9

സ്വീകരിച്ച നടപടി

ഭരണപരമായ ചെലവുകൾ – സഹായധനം- നോൺ പ്ലാൻ ശമ്പളം എന്നതിലേയ്ക്കായി 160.425 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നിരുന്നാലും ഖാദി ബോർഡിന്റെ അനുബന്ധ ശീർഷകങ്ങളിലെ നിലവിലെ തുക പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറക്ക് വിഷയം പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-105-96-33—ഖാദിയുടെ ചില്ലറ വിൽപനയ്ക്കുള്ള പ്രത്യേക റിബേറ്റ്:

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് ഖാദി വിൽപനയ്ക്ക് റിബേറ്റ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **35 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 10

സ്വീകരിച്ച നടപടി

റിബേറ്റിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 35 കോടി രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ |ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നിരുന്നാലും ഖാദി ബോർഡിന്റെ അനുബന്ധ ശീർഷകങ്ങളിലെ നിലവിലെ തുക പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

2851-00-105-95-10—കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന:

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം ധനസഹായമായി നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമിനത്തിലുള്ള കുടിശ്ശിക തുക **13.9790440 കോടി രൂപ**യാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 13.9790440 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 11

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 13.9790440 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നിരുന്നാലും കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഡിറ്റ് update ന് ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക്, അധിക തുക അനുവദിക്കുന്ന വിഷയം, സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി:

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശങ്ങളോടെ ആരംഭിച്ച ഈ പദ്ധതികൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന 3 കോടി രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **1 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 12

സ്വീകരിച്ച നടപടി

ഖാദി ബോർഡിന്റെ പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ

അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല

എന്നിരുന്നാലും ഖാദി ബോർഡിന്റെ അനുബന്ധ ശീർഷകങ്ങളിലെ നിലവിലെ തുക പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-105-71—വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപടിലാക്കലും ശക്തിപ്പെടുത്തലും:

ബഡ്ജറ്റ് വിഹിതം : 1.75 കോടി രൂപ (പ്ലാൻ)

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലിടം നൽകുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **5.816 കോടി രൂപ** കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 14

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.816 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നിരുന്നാലും ഖാദി ബോർഡിന്റെ അനുബന്ധ ശീർഷകങ്ങളിലെ നിലവിലെ തുക പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2851-00-105-66(03)—ഖാദി ബോർഡ് കമ്പ്യൂട്ടർ വൽക്കരിക്കൽ:

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

"ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും പഞ്ചിംഗോ സംവിധാനം ഏർപ്പെടുത്തുന്നതിനായും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **32 ലക്ഷം രൂപ** കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 15

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല .

എന്നിരുന്നാലും ഖാദി ബോർഡിന്റെ അനുബന്ധ ശീർഷകങ്ങളിലെ നിലവിലെ തുക പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി പരിശോധിച്ച ശേഷം അനുവദിച്ച ഫണ്ടിന്റെ വിനിയോഗപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

(റഫറൻസ് നം. കെ.1/223/2023/വ്യവ തീയതി 31.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം-**2852-08-202-97: കോട്ടൺ ബോർഡ്**

ബഡ്ജറ്റ് വിഹിതം **: 1** കോടി രൂപ **(പ്ലാൻ)**

വ്യവസായവകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ ഉണമേന്മയുള്ള പഞ്ഞി സീസൺ സമയത്ത് കുറഞ്ഞ വിലയ്ക്ക് വാങ്ങി നൽകുന്നതിനായി കോട്ടൺ ബോർഡിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **35 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ ഉണമേന്മയുള്ള പഞ്ഞി സീസൺ സമയത്തെ കുറഞ്ഞ വിലയ്ക്ക് വാങ്ങി നൽകുന്നതിനായി കോട്ടൺ **ബോർഡിന്** ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ

ധനപുനഃവിനിയോഗം വഴിയോ അഥവാ 3 ഉപധനാഭ്യർത്ഥന വഴിയോ 35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിയ്ക്ക് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2852-08-600-90—ജൈവ കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും:

ബഡ്ജറ്റ് വിഹിതം : 7.2 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്ത് കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി 30 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 21

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നം. കെ.2/122/2023/വ്യവ തീയതി 03.09.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2852-08-600-82-കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

4860-60-190-94-കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും:

ബഡ്ജറ്റ് വിഹിതം : 2.25 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും ഇ.പി.എഫ്. കുടിശ്ശിക അടയ്ക്കാൻ 3.77 കോടി രൂപയും KGST/CST കുടിശ്ശിക തീർപ്പാക്കാൻ 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവൈറ്റി നൽകാൻ 3 കോടി രൂപയും ഉൾപ്പെടെ ആകെ **133.82 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 22

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നം. കെ.2/122/2023/വ്യവ തീയതി 03.09.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2852-08-600-81-ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99- കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ:

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

കാപ്പക്സിന്റെ ഫാക്ടറികളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും ഗ്രാറ്റുവൈറ്റി നൽകുന്നതിനായി 9 കോടി രൂപയും വിൽപന നികുതി ആംനസ്റ്റി സ്കീമിനായി 4 കോടി രൂപയും ഉൾപ്പെടെ ആകെ **23 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 23

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നം. കെ.2/122/2023/വ്യവ തീയതി 03.09.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4851-00-104-99—കരകൗശല മേഖലയിലുള്ള അപെക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

കേരള കരകൗശല മേഖലയിലുള്ള സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ., കെൽപാം തുടങ്ങിയവയുടെ ആധുനികവത്കരണം, സാങ്കേതിക നവീകരണം, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി നിലവിൽ 50 ലക്ഷം രൂപയാണ്

വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 30

സ്വീകരിച്ച നടപടി

സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ. കെൽപാം തുടങ്ങിയ സ്ഥാപനങ്ങൾ വ്യക്തമായ പ്രൊജക്ട് റിപ്പോർട്ടോടു കൂടിയ വിശദമായ പ്രൊപ്പോസൽ യഥാസമയം സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അനുവദിച്ചിരുന്നില്ല എന്ന് സമിതിയെ അറിയിക്കുന്നു.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം-**4851-00-190-99 : കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ**

ബഡ്ജറ്റ് വിഹിതം **: 2.25** കോടി രൂപ **(പ്ലാൻ)**

കേരള കൈത്തറി വികസന കോർപ്പറേഷനിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **10.89 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 31

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് reallocation വഴി 10.07.2023 ലെ സ.ഉ(സാധാ)നം. 705/2023/വ്യവ പ്രകാരം 100

ലക്ഷം രൂപ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 27.07.2023-ലെ ഫിനാൻസ് (ബഡ്ജറ്റ് ജി) വകുപ്പിന്റെ സ.ഉ(സാധാ)നം.5605/2023/ഫിൻ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് 4851-00-190-99(P) എന്ന ശീർഷകത്തിൽ re appropriation നൽകി ഉത്തരവാകുകയും 31.07.2023 ലെ സ.ഉ(സാധാ) നം.774/2023/വ്യവ പ്രകാരം പ്രസ്തുത തുകയ്ക്ക് റിലീസ് അനുമതി നൽകുകയും ചെയ്തു. ഹാൻവീവിന് 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ ആയി ലഭിച്ച 225 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻ മുഖേന ലഭിച്ച 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 325 ലക്ഷം രൂപ ലഭ്യമായതിൽ റിലീസ് ചെയ്യുവാൻ സർക്കാർ അനുമതി ലഭിച്ച 172.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 152.75 ലക്ഷം രൂപ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തു.

2023-24 സാമ്പത്തിക വർഷത്തിൽ ഹാൻവീവിന് 4851-00-190-99 (പി) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 225 ലക്ഷം രൂപയ്ക്ക് പുറമേയാണ് 100 ലക്ഷം രൂപ RIAB ശീർഷകത്തിൽ നിന്നും re-appropriation വഴി അനുവദിച്ചത്. എന്നാൽ സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിയ്ക്ക് കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4858-60-190-83—ബിഎച്ച്ഇഎൽ - ഇഎംഎൽ ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കാസർഗോഡുള്ള കെൽ -ഇഎംഎൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 18.64 കോടി രൂപ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെൽ - ഇ. എം. എൽ-ന്റെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി 2023-24 സാമ്പത്തിക വർഷം 380 ലക്ഷം രൂപയ്ക്ക് ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത നൽകുകയും അതിൽ 100 ലക്ഷം രൂപ റിലീസ് ചെയ്ത നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന വിഹിതം പൂർണ്ണമായും ഉപയോഗിക്കാത്ത സാഹചര്യത്തിൽ കമ്പനിയ്ക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നം. ഡി1/206/2023/വ്യവ തീയതി 27.08.2024)

(കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം: 4885-60-800-96 **: പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക**

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ (പ്ലാൻ)

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതുവരെ പ്രവർത്തനമൂലധനം നൽകുന്നതിന് 20 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും വൈദ്യുതി കുടിശ്ശികയും ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി 100 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 120 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 35

സ്വീകരിച്ച നടപടി

സർക്കാരിന്റെ വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നം. വ്യവ എച്ച്1/187/2024-വ്യവ തീയതി 30.07.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം **6851-00-109-74(01) : കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ - സംസ്ഥാന സഹായ പദ്ധതികൾ**

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്തെ ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ പഞ്ഞി സുഗമമായി സംഭരിക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമായതിനാൽ **മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 10.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഖണ്ഡിക 36

സ്വീകരിച്ച നടപടി

ടെക്സ്ഫെഡിന്റെ കീഴിലുള്ള 8 സഹകരണ സ്പിന്നിംഗ് മില്ലുകളുടെ സമഗ്ര പുനരുദ്ധാരണ പദ്ധതിയിന്മേൽ ഉൽപ്പന വികസനത്തിനായി അനുവദിച്ച 700 ലക്ഷം രൂപയിൽ 350 ലക്ഷം രൂപയും കൂടാതെ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ആധുനികവത്കരണ പദ്ധതിയിന്മേൽ

ഭരണാനുമതി ലഭിച്ച 35 ലക്ഷം രൂപയും ചേർത്ത് 385 ലക്ഷം രൂപ ഇതുവരെ സ്പിന്നിംഗ് മില്ലുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിയ്ക്ക് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6851-00-190-98—കരകൗശല വികസന കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Digital Marketing & Branding, Cluster Development, മുംബൈ, ന്യൂഡൽഹി, എറണാകുളം, തിരുവനന്തപുരം-സാഫല്യം എന്നീ വിൽപ്പന ശാലകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 37

സ്വീകരിച്ച നടപടി

New Modernization Digital Marketing & Branding" എന്ന പദ്ധതിയുടെ ഭാഗമായി കരകൗശല വികസന കോർപ്പറേഷനു ₹ 60 ലക്ഷം രൂപയുടെ ഭരണാനുമതി 2024 -25 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ചിരുന്നു. തുടർന്ന 4 പ്രസ്തുത തുക റിലീസ് ചെയ്തനൽകുന്നതിനായി, മുമ്പത്തെ റിലീസിന്റെ വിനിയോഗ സർട്ടിഫിക്കറ്റും പ്രസ്തുത സാമ്പത്തിക വർഷത്തിലെ തുടർന്നുള്ള മാസങ്ങളിലെ യഥാർത്ഥ ആവശ്യങ്ങളുടെ വിശദാംശങ്ങളും സഹിതം പ്രപ്പോസൽ സമർപ്പിക്കണമെന്ന് കോർപ്പറേഷനോട്

ആവശ്യപ്പെട്ടിരുന്നുവെങ്കിലും, അത് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക റിലീസ് ചെയ്യാനായിട്ടില്ല.

അതോടൊപ്പം, കരകൗശല വികസന കോർപ്പറേഷന്റെ SMSM Institute സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി , വില്പനശാലയുടെ നവീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ₹40.16 ലക്ഷം രൂപ 2024-25 ലെ ബജറ്റ് വിഹിതത്തിൽ നിന്ന് റിലീസ് ചെയ്തിട്ടുണ്ട്. കൂടാതെ, പ്രസ്തുത പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം കരകൗശല വികസന കോർപ്പറേഷൻ സമർപ്പിച്ച അധിക ധനാഭ്യർത്ഥന പരിഗണിച്ച് , ₹12.5 ലക്ഷം രൂപയുടെ ഭരണാനുമതി കൂടി അനുവദിച്ചിട്ടുമുണ്ട്.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6851-00-190-88—കേരള സംസ്ഥാന പന ഉൽപ്പന്ന തൊഴിലാളി ക്ഷേമ കോർപ്പറേഷന് വായ്പ

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

കെൽപാമിന്റ (Kelpalm) ജാഗ്രറി നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 39

സ്വീകരിച്ച നടപടി

കരിപ്പട്ടി നിർമ്മാണ യൂണിറ്റ് നിലവിൽ കെൽപാമിന്റെ പരിഗണനയിലില്ലായെന്ന് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിക്കാവുന്നതും അർഹമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്ന് സമിതിയെ അറിയിക്കുന്നു.

(റഫറൻസ് നം. IND- K3/152/2023-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ശീർഷകം: 6853-60-190-97 **ബഡ്ജറ്റ് വിഹിതം : 23 കോടി രൂപ (പ്ലാൻ)**

മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 72.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു."

ഖണ്ഡിക 40

സ്വീകരിച്ച നടപടി

പ്രാരംഭ ദശയിലുള്ള പ്രോജക്ടുകളായതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത

ഉണ്ടായില്ല.

(റഫറൻസ് നം. വ്യവ എച്ച്1/187/2024-വ്യവ തീയതി 30.07.2025)

(കാലതാമസ പത്രിക 06.10.2025 -ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ

ശീർഷകം: 6857-02-190-99 **ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)**

125 ഓളം കുത്തിവയ്പ്പ് മരുന്നുകളുടെയും നേത്രശ്രുശ്രൂഷ മരുന്നുകളുടെയും രൂപവൽക്കരണത്തിനായുള്ള ഈ പദ്ധതി ചെലവ് വർദ്ധിച്ചതിനാൽ ഉല്പാദനക്ഷമത കൈവരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 41

സ്വീകരിച്ച നടപടി

സർക്കാരിന്റെ വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കേണ്ടി വന്നതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുന്നതിന് സാധിച്ചില്ല.

(റഫറൻസ് നം. വ്യവ എച്ച്1/187/2024-വ്യവ തീയതി 30.07.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6858-01-190-96—കേരള ഇലക്ട്രിക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 11 കോടി രൂപ (പ്ലാൻ)

കേരള ഇലക്ട്രിക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 42

സ്വീകരിച്ച നടപടി

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയ്ക്ക് 2023-24 സാമ്പത്തിക വർഷം ഇലക്ട്രിക് വാഹനങ്ങളുടെ ട്രാക്ഷൻ മോട്ടോർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് 280 ലക്ഷം രൂപയ്ക്കും കമ്പനിയുടെ കൂണ്ടറ, മാമല യൂണിറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതിയ്ക്ക് 290 ലക്ഷം രൂപയ്ക്കും ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത നൽകുകയും ഇതിൽ ട്രാക്ഷൻ മോട്ടോറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിക്കായി 100 ലക്ഷം രൂപ റിലീസ് ചെയ്ത നൽകുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും ഉപയോഗിക്കാത്ത സാഹചര്യത്തിൽ കമ്പനിയ്ക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നം. ഡി1/206/2023/വ്യവ തീയതി 27.08.2024)

(കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6858-02-190-94—മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എനർജി ഹബ്ബിലെ ഇന്ധന വില്പന വർദ്ധിപ്പിക്കുന്നതിനായി വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും

കമ്പനിയിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും നടപ്പാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 43

സ്വീകരിച്ച നടപടി

പദ്ധതി വിഹിതം അനുവദിക്കുന്നതിൽ വരുത്തിയ സാമ്പത്തിക ക്രമീകരണങ്ങളുടെ പശ്ചാത്തലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ കമ്പനിക്ക് അധിക തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നം. ഡി2/111/2023/വ്യവ തീയതി 27.08.2024)

(കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6858-04-190-84—സീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ (പ്ലാൻ)

സീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി 7.2 കോടി രൂപയും മെഷീനിംഗ് യൂണിറ്റിന്റെ വിപുലീകരണത്തിനായി 1.5 കോടി രൂപയും ഉൾപ്പെടെ ആകെ 8.7 കോടി രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 8.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 45

സ്വീകരിച്ച നടപടി

പദ്ധതി വിഹിതം അനുവദിക്കുന്നതിൽ വരുത്തിയ സാമ്പത്തിക ക്രമീകരണങ്ങളുടെ പശ്ചാത്തലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ കമ്പനിക്ക് അധിക തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നം. ഡി2/111/2023/വ്യവ തീയതി 27.08.2024)

(കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6858-60-190-89—ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിനും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്റ്റ്ബോഗികളുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാനും 12 കോടി രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 46

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണമായും വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ കമ്പനിയ്ക്ക് അധികത്തുക അനുവദിച്ചിരുന്നില്ല. നടപ്പ്

സാമ്പത്തിക വർഷം(2024-25) ഓട്ടോകാസ്റ്റ് ലിമിറ്റഡിന് 6858-60-190-89(PV) എന്ന ശീർഷകത്തിൽ 8.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നം. ഡി2/111/2023/വ്യവ തീയതി 27.08.2024)

(കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം **6860-01-190-99 : തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ :**

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം സ്പിന്നിംഗ് മില്ലിലെ പ്ലാന്റിന്റേയും മെഷീനറികളുടേയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ **1.85 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 49

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസിന് 07.08.2023 തീയതിയിലെ സ.ഉ(സാധാ)നം.799/2023/വ്യവ ഉത്തരവ് പ്രകാരം പ്രവർത്തന മൂലധനമായി 50 ലക്ഷം രൂപയും

13.01.2024 തീയതിയിലെ സ.ഉ(സാധാ)നം.31/2024/വ്യവ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയും റിലീസ് അനുമതി നൽകിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും) സംബന്ധിച്ച സമിതി ശിപാർശ ചെയ്തിരുന്ന 1.85 കോടി രൂപ സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം 6860-01-190-97: സീതാറാം ടെക്സ്റ്റൈൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.3 കോടി രൂപ (പ്ലാൻ)

മില്ലിന്റെ ആധുനികവത്കരണത്തിനും അറ്റകുറ്റപണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 50

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക 130 ലക്ഷം രൂപയാണ്. 09.01.2024 സ.ഉ(സാധാ)നം.18/2024/വ്യവ പ്രകാരം പ്രവർത്തന മൂലധനമായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിയ്ക്ക് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ശീർഷകം 6860-01-190-95: കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 23.05 കോടി രൂപ (പ്ലാൻ)

കോർപ്പറേഷനു കീഴിലുള്ള പ്രട്ടറാം മിൽസിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 9.53 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 51

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ടെക്സ്റ്റൽസ് കോർപ്പറേഷനു കീഴിലുള്ള പ്രട്ടറാം മിൽസിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 9.53 കോടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിയ്ക്ക് ടി സാമ്പത്തിക വർഷം അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നം. വ്യവ-സി1/216/2023/വ്യവ തീയതി 24.07.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6860-05-190-99—കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

പേപ്പർ മെഷീൻ പ്ലാന്റ്, മെക്കാനിക്കൽ പൾപ്പിംഗ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾപ്പിംഗ് പ്ലാന്റ് എന്നിവയുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യാനവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ

ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 52

സ്വീകരിച്ച നടപടി

12.06.2023-**ലെ** സ.ഉ.(സാധാ) **നം.** 551/2023/വ്യവ ഉത്തരവ് പ്രകാരം 2023-24-**ലെ** ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപയും additional authorization മുഖേന 5 കോടി രൂപയും ചേർത്ത് ആകെ 25 കോടി രൂപ 6860-05-190-99-Loans എന്ന ശീർഷകത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുവദിച്ച് ഉത്തരവായിരുന്നു.

(റഫറൻസ് നം. ജി1/165/2023/വ്യവ തീയതി 05.04.2025)

ശിപാർശ

കേരള സെറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ ശീർഷകം: 6860-60-190-94

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൗഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 3.10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 53

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നതന്നെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നം. വ്യവ എച്ച്1/187/2024-വ്യവ തീയതി 30.07.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള ക്ലേയ്സ് & സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ശീർഷകം: 6860-60-190-79

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ലാറ്ററൈറ്റ് എക്സ്ട്രാക്ഷന്റെ വിപുലീകരണം, ആന്റിസെപ്റ്റിക് & ഡിസിൻഫെക്റ്റന്റ്സ് നിർമ്മാണ യൂണിറ്റ് വിപുലീകരണം, പായങ്ങാടിയിലെ ജൈവ വൈവിധ്യ പാർക്ക്, സോയിൽ മ്യൂസിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 8.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 54

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നതന്നെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നം. വ്യവ എച്ച്1/187/2024-വ്യവ തീയതി 30.07.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6860-60-190-78—കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ:

ബഡ്ജറ്റ് വിഹിതം : 43.55 കോടി രൂപ (പ്ലാൻ)

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ **16.45 കോടി രൂപ** അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഖണ്ഡിക 55

സ്വീകരിച്ച നടപടി

കേരള കാഷ്യൂ ബോർഡിന്റെ അപേക്ഷയെ തുടർന്ന് അഡീഷണൽ ഓതറൈസേഷൻ മുഖേന 25 കോടി രൂപ 2023-24 സാമ്പത്തിക വർഷം അധികമായി കാഷ്യൂ ബോർഡിന് സർക്കാർ നൽകിയിട്ടുണ്ട്.

(റഫറൻസ് നം. കെ.2/122/2023/വ്യവ തീയതി 03.09.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

3. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫ. നം. 11441/സബ്.സി ബി2/2022/നി.സെ.) (efile No. – KLS/6782/2025-Subc B 2)

ശിപാർശ

2851-00-110-62—കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ബീഡി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും നിലവിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനും മേൽ ശീർഷകത്തിൽ

ധനപുനനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 11

സ്വീകരിച്ച നടപടി

കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന് പ്രസ്തുത സാമ്പത്തിക വർഷം ഒരു കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നം.IND-K3/176/2022-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4851-00-104-99—കരകൗശല മേഖലയിലുള്ള അപെക്സ് ഓർഗനൈസേഷനുകൾക്ക് ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

കരകൗശല മേഖലയിലെ സ്ഥാപനമായ സുരഭിയിലെ ജീവനക്കാർക്കുള്ള ശമ്പളക്കുടിശ്ശികയും ഷോറൂമുകളുടെ വാടക കുടിശ്ശികയും തീർക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 17

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം 2022-23 സാമ്പത്തിക വർഷം സുരഭിയ്ക്ക് അധികതുക അനുവദിക്കാൻ സാധിച്ചിട്ടില്ല. മുൻജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, ജീവനക്കാരുടെ ശമ്പള കുടിശ്ശിക, ഷോറൂമുകളുടെ വാടക എന്നിവ നൽകുന്നതിലേക്കായി 7.55

ലക്ഷം രൂപ 26.03.2025 തീയതിയിലെ സ.ഉ(സാധാ) നം.356/2025/ID ഉത്തരവ് പ്രകാരം റിലീസ് ചെയ്ത ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(റഫറൻസ് നം. IND-K3/176/2022-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6851-00-190-88—കേരള സ്റ്റേറ്റ് പാൽമീറ വർക്കേഴ്സ് സൊസൈറ്റി വായ്പ

ബഡ്ജറ്റ് വിഹിതം : 75,00,000 രൂപ (പ്ലാൻ)

കരുപ്പെട്ടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2021-2022-ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും സ്ഥാപനത്തിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പണം ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും പൂർത്തിയാകുന്ന മുറയ്ക്ക് മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 26

സ്വീകരിച്ച നടപടി

നിലവിൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കെൽപാമിന്റെ ഓഡിറ്റ് റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തിരമായി സമർപ്പിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളുവാൻ കെൽപാമിനു നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കരുപ്പട്ടി യൂണിറ്റിന്റെ നിർമ്മാണം ഇപ്പോൾ കെൽപാമിന്റെ പരിഗണനയിലില്ലാത്തതിനാൽ തുക അനുവദിക്കാൻ സാധിക്കുകയില്ല.

(റഫറൻസ് നം. IND-K3/176/2022-IND തീയതി 18.09.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6860-05-190-99—കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

കമ്പനിയിലെ യന്ത്രസാമഗ്രികളും പ്ലാന്റുകളും 40 വർഷത്തിലധികം പഴക്കം ചെന്നതാകയാൽ വിവിധ പ്ലാന്റുകളിൽ/ സെക്ഷനുകളിൽ ആധുനികവൽക്കരണവും സാങ്കേതികവിദ്യ നവീകരണവും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

21.6.2022-സ.ഉ. (സാധാ) നം. 54/2022/ID ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 20 കോടി രൂപ 6860-05-190-99 ശീർഷകത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുവദിച്ചിരുന്നു. കൂടാതെ, 02.11.2022-ലെ സ.ഉ. (സാധാ) നം. 1163/2022/ID പ്രകാരം 20 കോടി രൂപയും, 15.2.2023-ലെ സ.ഉ. (സാധാ) നം. 129/2023/ID പ്രകാരം 10 കോടി രൂപയും Additional Authorization മുഖേന 6860-05-190-99 ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. അപ്രകാരം അകെ 50 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ കെ.പി.പി.എൽ.-ന് സർക്കാര് അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നം. ജി1/268/2022/ഐ.ഡി. തീയതി 09.01.2025)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

4. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫ. നം. 11955/സബ്.സി ബി2/2021/നി.സെ.)

ശിപാർശ

6851-00-190-90—കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

സിഡ്കോയുടെ 9 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനും സിഡ്കോ പുതിയതായി ആരംഭിക്കുവാനായി പോകുന്ന വ്യവസായ എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും നവീകരണത്തിനുള്ള പദ്ധതിയുടേയും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയോ 13.92 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

സിഡ്കോയുടെ 9 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനും സിഡ്കോ പുതിയതായി ആരംഭിക്കുവാൻ പോകുന്ന വ്യവസായ എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും നവീകരണത്തിനുള്ള പദ്ധതിയ്ക്കും 13.92 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സിഡ്കോയിൽ നിന്നും 2021-22 സാമ്പത്തിക വർഷം പ്രൊപ്പോസൽ ഒന്നും സമർപ്പിച്ചിരുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തെ (2022-23) ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുവാൻ സിഡ്കോ തീരുമാനിക്കുകയായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 -ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താനായി, ഒളവണ്ണ ടൂൾ റൂം കം ട്രയിനിംഗ് സെന്റർ, ഗവൺമെന്റ് ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പ് പാപ്പനംകോട് എന്നീ പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിനായി വിശദമായ പ്രൊപ്പോസൽ സിഡ്കോ സർക്കാരിൽ

സമർപ്പിക്കുകയും 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ ഈ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23-ലെ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുന്നതിനായി സിഡ്കോയിൽ നിന്നും ബോർഡ് ഫോർ പബ്ലിക് സെക്ടർ

ട്രാൻസ്ഫോർമേഷൻ മുഖേന പ്രസ്തുത പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(റഫറൻസ് നം. എഫ്2/379/2021/ഐ.ഡി. തീയതി 26.10.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.

5. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3018/സബ്.സി ബി2/2019/നി.സെ.)

ശിപാർശ

2852-80-003-99- കാര്യാന്വേഷണ വികസന കേന്ദ്രം

ബഡ്ജറ്റ് വിഹിതം: 1.29 കോടി രൂപ (പ്ലാൻ)

സെന്റർ ഫോർ മാനേജ്മെന്റിന്റെ കീഴിൽ കാര്യാന്വേഷണ വികസന കേന്ദ്രത്തിനായി പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.75 കോടി രൂപ ധന പുന:വിനിയോഗം വഴിയോ അഥവ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

വിഷയനിർണയ സമിതിയുടെ ശിപാർശയിൻമേൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനോട് റിപ്പോർട്ട് തേടുകയും അധികമായി തുക വകയിരുത്തുന്നതിനുള്ള ഒരു ശിപാർശ ധനകാര്യ വകുപ്പുമന്ത്രിക്ക് മുമ്പ് സമർപ്പിച്ചിരുന്നതിന്റെ ഭാഗമായി 2018-19-ലെ ബജറ്റ് സ്പീച്ചിൽ 300 ലക്ഷം രൂപ സി. എം. ഡി.- ക്ക് ആയി പ്രഖ്യാപിക്കുകയും അഡ്വാൻസ് എന്ന നിലയ്ക്ക് 1000 രൂപ **2852-80-003-99** എന്ന ശീർഷകത്തിൽ അനുവദിക്കുകയുമുണ്ടായി എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ ഹോസ്റ്റൽ നിർമ്മാണത്തിന് ഉൾപ്പെടെ 1,29,00,000/-രൂപയുടെ ഭരണാനുമതി സിഎംഡിക്ക് അനുവദിച്ചിരുന്നു . 2022-23

സാമ്പത്തിക വർഷത്തിൽ ഹോസ്റ്റൽ നിർമ്മാണം ഉൾപ്പെടെ 1.42/-ലക്ഷം രൂപയുള്ള ഗ്രാൻഡ് ഇൻ എയ്ഡ് ആയി ഭരണാനുമതിയും അനുവദിച്ചിരുന്നു കൂടാതെ 28/03/2023-ൽ 1 കോടി രൂപ ഒറ്റത്തവണ സഹായമായും അനുവദിച്ചിരുന്നു 2020-21 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ ഹോസ്റ്റൽ നിർമ്മാണത്തിന് ഉൾപ്പെടെ 1.29 ലക്ഷം രൂപയും 2022-23-ൽ ഹോസ്റ്റൽ നിർമ്മാണത്തിന് 1 കോടി രൂപ ഉൾപ്പെടെ 1.42 കോടി രൂപയും വകയിരുത്തി തുക അനുവദിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇനിയും ധനപുനർവിനിയോഗം വഴിയോ അഥവാ **ഉപധനാഭ്യർത്ഥന** വഴിയോ അധികമായി 2.75 കോടി രൂപ വകയിരുത്തണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കുവാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

സിഎംഡിയുടെ കീഴിലെ 'ഹോസ്റ്റൽ നിർമ്മാണം' എന്ന പദ്ധതിക്കായി നാളിതുവരെ വിതരണം ചെയ്ത തുക, പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് എന്നിവ സഹിതം ഈ സാമ്പത്തിക വർഷം (2025-26) ഫയൽ പുന: സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനോട് ഈ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

(റഫറൻസ് നം. 14/F1/2021-IND തീയതി 15.04.2025)

(കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

6860-60-190-86-ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ
ബഡ്ജറ്റ് വിഹിതം: 2 കോടി രൂപ (പ്ലാൻ)

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം അഥവാ ഉപധനാഭ്യർത്ഥന വഴിയോ വഴിയോ 5 കോടി രൂപ കൂടി മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

30/05/2019-ലെ സ .ഉ.(സാധാ)നം.484/2019/വ്യവ പ്രകാരം 150 ലക്ഷം രൂപയുടെ പ്രവർത്തന മൂലധനവായ്പക്കുള്ള ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 50 ലക്ഷം രൂപ 19/09/2019-ലെ സ .ഉ. (സാധാ) നമ്പർ 907/2019/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനത്തിന് അനുവദിച്ചിരുന്നു.

(റഫറൻസ് നം. 191/ജി2/2019/വ്യവ തീയതി 22.09.2022 & 22.11.2024)

(കാലതാമസ പത്രിക 18.03.2025-ന് സഭയിൽ സമർപ്പിച്ചു.)

6. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3166/സബ്.സി ബി2/2014/നി.സെ.)

ശിപാർശ

4885-60-800-96-പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള തുക

ബഡ്ജറ്റ് വിഹിതം: 100 കോടി രൂപ (പ്ലാൻ)

2010-2011 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വായ്പയായും ഇക്വിറ്റിയായും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) മലബാർ സിമന്റ്സ് ലിമിറ്റഡ് (MCL) എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം 60 കോടി രൂപയും, 30.90 കോടി രൂപയും നൽകിയിരുന്നു. ഇക്വിറ്റിയിനത്തിൽ നൽകിയ ധനസഹായത്തിന് ഇതുവരെ ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി KMML, MCL എന്നീ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ട് നൽകുന്നതിലേയ്ക്കായി 90.90 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുകയോ അല്ലെങ്കിൽ വായ്പ വാങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം ഈ സ്ഥാപനങ്ങളുടെ

വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

2010-2011 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഇക്വിറ്റിയായും വായ്പയായും മലബാർ സിമൻ്റ്സിൽ നിന്നും നൽകിയ 30.90 കോടി രൂപയിൽ ഇക്വിറ്റിയായി നൽകിയ 15 കോടി രൂപയിൽ 6 കോടി രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ കേരള സ്മാൾ ഇൻഡസ്ട്രിയൽ ഡെവലപ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് / ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ വായ്പയിനത്തിലുള്ള 15.90 കോടി രൂപയും പലിശയായി 7.54 കോടി രൂപയും (31 മാർച്ച് 2017 ലെ സ്ഥിതി) തിരികെ ലഭിക്കാനുമുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് MCL-ൽ നിന്നും ലഭിച്ച 2 കോടി രൂപ ഓഹരി മൂലധനം ട്രിവാൻട്രം സ്പിന്നിംഗ് മില്ലിന് ഓഹരി മൂലധനമായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

കേരള മിനറൽസ് ആൻ്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൻ്റെ പ്രവർത്തനങ്ങൾക്കായി നൽകിയ 60 കോടി രൂപയിൽ 30 കോടി രൂപ 7% പലിശ നിരക്കിൽ ലോണായും ബാക്കി 30 കോടി രൂപ ഇക്വിറ്റി ഷെയർ ആയിട്ടുമാണ് നൽകിയിട്ടുള്ളത്. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൻ്റെ കീഴിൽ ആരംഭിച്ച കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ഹൈടെക് വീവിംഗ് മിൽ, ഉദുമ ടെക്സ്റ്റൈൽ മിൽ തുടങ്ങിയവ നടപ്പാക്കുന്നതിനു വേണ്ടിയാണ് KMML ൽ നിന്നും 30 കോടി രൂപ ലഭിച്ചത്. ഈ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് KMML മായുള്ള എഗ്രിമെൻ്റ് പ്രകാരം അന്നുമുതൽ 84 ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഇക്വിറ്റിഷെയറാക്കി മാറ്റിയ 30 കോടി

രൂപയ്ക്ക് ഷെയർസർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ അംഗീകൃത മൂലധനം 20 കോടി രൂപയായതിനാൽ മൂലധനത്തെക്കാൾ ഉയർന്ന തുകയ്ക്ക് ഷെയർ സർട്ടിഫിക്കറ്റ് നല്കാൻ സാധിക്കുകയില്ല. പ്രസ്തുത മൂലധനം 20 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തുന്ന വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് KMML ന് ഷെയർ സർട്ടിഫിക്കറ്റ് നൽകാനാകുമെന്ന് കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(റഫറൻസ് നം. 27141/എച്ച്2/2015/വ്യവ തീയതി 16.06.2018)

(കാലതാമസ പത്രിക 05.12.2018-ന് സഭയിൽ സമർപ്പിച്ചു.)

പ്രസ്തുത റിപ്പോർട്ടിന്മേൽ , സമിതി ആവശ്യപ്പെട്ട നടപടി റിപ്പോർട്ട് വ്യവസായ (എച്ച്) വകുപ്പ് 21.11.2024-ലെ നം. എച്ച്1/123/2024-വ്യവ. പ്രകാരം സമർപ്പിക്കുകയും, ആയത് 30.05.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു .

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

ഇല്ല.

തിരുവനന്തപുരം
2026 ഒക്ടോബർ 16

പി.കെ. കുഞ്ഞാലിക്കുട്ടി
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി IV

അനുബന്ധം

2025 മേയ് 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 മേയ് 30-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്കു ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ വീഡിയോ കോൺഫറൻസിംഗ് മുഖേന താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.
2. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
3. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ.
4. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

2) ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി എം. എ. റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി പ്രവദ പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
6. ശ്രീ. വിഷ്ണുരാജ് പി., ഡയറക്ടർ, വ്യവസായ വകുപ്പ്

7. ഡോ. കെ. ഹരികുമാർ, ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്

8. ഡോ. കെ. എസ്. കൃപ കുമാർ, ഡയറക്ടർ, ഹാൻഡ്ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ്

9. ശ്രീ. രാജീവ് ജി., അഡീഷണൽ ഡയറക്ടർ, വ്യവസായ വകുപ്പ്.

10. ശ്രീ. അനിൽ കുമാർ കെ. എസ്., അഡീഷണൽ ഡയറക്ടർ, ഡി.സി.ഡി

11. ശ്രീമതി. സിമി സി. എസ്., ജോയിന്റ് ഡയറക്ടർ, വ്യവസായ വകുപ്പ്

12. ഡോ. കെ. എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

13. ശ്രീ. അജിത് കുമാർ കെ., എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ

14. ശ്രീ. എ. അലക്സാണ്ടർ, ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കേരള കശുവണ്ടി ബോർഡ്

15. ശ്രീ. സുനിൽ ജോൺ കെ., മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

16. ശ്രീ. സന്തോഷ് കുമാർ എം. പി., മാനേജിങ് ഡയറക്ടർ, കാപ്പക്സ്

17. ശ്രീ. സുകുമാർ കെ., മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ

18. ശ്രീ. അബി തോമസ്, മാനേജിങ് ഡയറക്ടർ, ടെക്സ്ഫെഡ്

19. ശ്രീ. മാത്യു സി. വി., മാനേജിങ് ഡയറക്ടർ, കാഡ്കോ

20. ശ്രീ. വിനോദ് എൽ., ഡെപ്യൂട്ടി രജിസ്ട്രാർ, കയർ വകുപ്പ്

21. ശ്രീ. മനോജ് കുമാർ ഇ.എസ്., അസിസ്റ്റന്റ് ഡയറക്ടർ, കേരള സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

22. ശ്രീ. വർഗീസ് മാളക്കാരൻ, ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

23. ശ്രീമതി കൃഷ്ണപ്രിയ, അസിസ്റ്റന്റ് മാനേജർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ

24. ശ്രീ. രാജ. എസ്. പിള്ള, ഫിനാൻസ് മാനേജർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

25. ശ്രീ. സതീഷ് കുമാർ പി., മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ

26. ശ്രീമതി കെ. എ. ശ്രീലത, ലീഗൽ കൺസൾട്ടന്റ്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

27. ശ്രീ. ആദർശ് എസ്., പ്രോജക്ട് മാനേജർ, കാഡ്കോ

28. ശ്രീ. ബിജു മോഹൻ ആർ., സ്പെഷ്യലിസ്റ്റ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ

29. ശ്രീ. അഷ്റഫ് എ., കോ-ഓർഡിനേറ്റർ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ

പ്രസ്തുത യോഗത്തിൽ സമിതി എസ്.ആർ.ഒ.-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ , 2019-2020, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ, സമിതിയ്ക്കുള്ള ഇടക്കാല മറുപടി , സമിതിയ്ക്കുള്ള കുറിപ്പ് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I .എസ്.ആർ.ഒ.-കളുടെ സാധൂകരണം

1. 2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നം.30/2025)

(ഫയൽ നമ്പർ 912/സബ്.സി.ബി2/2022/നി.സെ.)

2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടം പ്രകാരം പുറപ്പെടുവിച്ച എസ് .ആർ.ഒ. നം. 785/2022, 06.06.2023-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങളിൽ 'പദ്ധതി ചെലവ്' എന്നതിന് നിർവ്വചനം നല്കണമെന്നും 'പ്രോജക്ട് കോസ്റ്റിൽ' എന്തൊക്കെ ഉൾപ്പെടുത്തിയാണ് ഫീസ് നിർണ്ണയിക്കുന്നതെന്നും വ്യക്തമായി പറയണമെന്നും പ്രസ്തുത ഭേദഗതികൾ വരുത്തിയതിനുശേഷം ചട്ടങ്ങൾ വീണ്ടും സമിതിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 30/2025 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2. 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 401/2022)

(ഫ.നം.671/സബ്.സി.ബി2/20/നി.സെ), (ഫ.നം.19454/സബ്.സി.ബി2 /22/നി.സെ)

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ വ്യവസായ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി അഞ്ചു കോടി രൂപ വരെ മൂതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് ജില്ലാതലത്തിലും അതിൽ കൂടുതൽ മൂതൽമുടക്കുള്ളവയ്ക്ക് സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള എസ്.ആർ.ഒ നം. 401/2022 പുറപ്പെടുവിച്ച നടപടി സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3. 2023-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ നം. 1156/2023)

(ഫ.നം.20862/സബ്.സി.ബി2/24 നി.സെ)

2023-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 1156/2023 സമിതി പരിഗണിക്കുകയും MSME കളുടെ പുതിയ കെട്ടിടങ്ങൾക്ക് അക്ലോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഒരു താത്കാലിക കെട്ടിട നമ്പർ അനുവദിക്കണമെന്ന സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത ഭേദഗതി സബ്ജക്ട് കമ്മിറ്റിയുടെ അനുമതി കൂടാതെ പുറപ്പെടുവിച്ച നടപടി സാധൂകരിക്കുകയും ചെയ്തു.

4. 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 596/2024)

(ഫ.നം.12417/സബ്.സി.ബി2/24/നി.സെ)

2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം നിയമാനുസൃതമായി ബിൽഡിംഗ് നമ്പർ കിട്ടുന്നതുവരെ താത്കാലികമായി മൂന്നു വർഷത്തേയ്ക്ക് കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ യൂണിക് നമ്പർ, ബിൽഡിംഗ് നമ്പരായി കണക്കാക്കണമെന്ന ഭേദഗതി സംബന്ധിച്ച്പുറപ്പെടുവിച്ച എസ് .ആർ.ഒ. നം. 596/2024 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

5. 2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 161/2025)

(ഫ.നം.KLS/3804/2025-Sub.C.B2)

ക്വാറികൾ അളക്കുന്നതിന് ഡ്രോൺ - ലിഡാർ സർവ്വേ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി പുറപ്പെടുവിച്ച 2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ സംബന്ധിച്ച എസ് .ആർ.ഒ. നം. 161/2025 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

6. 2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 258/2025)

(ഫ.നം.KLS/3804/2025-Sub.C.B2)

ചെങ്കൽ ഖനന മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചെങ്കല്ലിന്റെ റോയൽറ്റി നിരക്ക് കുറച്ചുകൊണ്ടും അടയ്ക്കേണ്ട ഫീസ് നിജപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ച 2025-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ സംബന്ധിച്ച എസ് .ആർ.ഒ. നം. 258/2025 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശ- കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

1. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് - സമിതി ആരാഞ്ഞ അധികവിവരം

(ഫ.നം.3166/സബ്.സി.ബി2/2014/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 60-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണനാവേളയിൽ (25.07.2018-ലെ യോഗം) സിഡ്കോ മലബാർ സിമന്റ്സിനു നൽകിയ 4 കോടി രൂപയുടെ ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് കാണ്മാനില്ലായെന്നുള്ളത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുകയും ആയതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു .

ആയതിനു മറുപടിയായി ഒറിജിനൽ ഷെയർ സർട്ടിഫിക്കറ്റ് കണ്ടെത്തുന്നതിന് പരിശോധനകൾ നടത്തിയെങ്കിലും ലഭിക്കാത്തതിനെ തുടർന്ന് വിവരം സിഡ്കോയെ അറിയിച്ച് ഡ്യൂപ്ലിക്കേറ്റ് ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും കമ്പനിയ്ക്ക് ഇക്കാര്യത്തിൽ സാമ്പത്തിക ബാധ്യതയില്ലാ എന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2019-2020-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ.നം. 3018/സബ്.സി.ബി2/2019/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 24-ലെ ശിപാർശയിന്മേൽ വ്യവസായ (എഫ്) വകുപ്പും ഖണ്ഡിക 55-ലെ ശിപാർശയിന്മേൽ വ്യവസായ (ജി) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫ.നം.11955/സബ്.സി.ബി2/2021/നി.സെ)

റിപ്പോർട്ടിലെ ഖണ്ഡിക 35-ലെ ശിപാർശയിന്മേൽ വ്യവസായ (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫ.നം.11441/സബ്.സി.ബി2/2022/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 42-ലെ ശിപാർശയിന്മേൽ വ്യവസായ (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5) 2023-24 സാമ്പത്തിക വർഷത്ത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫ.നം.12256/സബ്.സി.ബി2/2023/നി.സെ)

റിപ്പോർട്ടിലെ 4, 5, 20, 31, 36, 49-51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ജി) വകുപ്പും 9-15, 21, 22, 23, 55 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും 32, 42, 43, 45, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഡി) വകുപ്പും ഖണ്ഡിക 52-ലെ ശിപാർശയിന്മേൽ വ്യവസായ (ജി) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ.നം.12962/സബ്.സി.ബി2/2024/നി.സെ.)

റിപ്പോർട്ടിലെ 21, 22 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഇ) വകുപ്പും 24-27, 56 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും 36, 54 എന്നീ

ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ജി) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. 2019-2020, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ

കയർ വികസന വകുപ്പ് (2019-2020), ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് (2022-23), കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ (2022-23), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് (2022-23), കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (2022-23), വ്യവസായ വാണിജ്യ വകുപ്പ് (2022-23), മൈനിംഗ് & ജിയോളജി വകുപ്പ് (2022-23), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (2022-23), കാഡ്കോ (2022-23), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (2023-24) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV . സമിതിയ്ക്കുള്ള ഇടക്കാല മറുപടി

'ഖാദി വ്യവസായ മേഖലയുടെ വികസനവും നവീകരണവും -സോളാർ പാനൽ സ്ഥാപിക്കുന്നതിലെ പുരോഗതി' - ഇടക്കാല മറുപടി

(ഫ.നം.5129/സബ്.സി.ബി2/2017/നി.സെ.)

നിലവിലുള്ള ചർക്കകളുടെ /തറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഹൈഡ്രോളിക് സിസ്റ്റം ഉപയോഗിക്കാൻ കഴിയുമോ എന്നുള്ള ഐ .ഐ.ടി. ചെന്നൈയുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി സാധ്യമാകുന്ന ആധുനികവത്കരണം നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടിയുടെ പരിഗണനാവേളയിൽ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്ന- തിനായി പുതിയ ചർക്ക ഡിസൈൻ ചെയ്യാൻ ചെന്നൈ ഐ .ഐ.ടി.-യെ

ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാലാണ് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ വയ്ക്കാത്തതെന്നും കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് അന്തിമറിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വകുപ്പിന് സമിതി നിർദ്ദേശം നല്കി.

V . സമിതിയുള്ള കുറിപ്പ്

1. 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) നിയമം (2018-ലെ 1-ാം ആക്ട്) - കരട് ചട്ടം ലഭ്യമാക്കാത്തത് - സംബന്ധിച്ച്.

(ഫ.നം.2291/സബ്.സി.ബി2/2018/നി.സെ)

പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ ബഹു .ഹൈക്കോടതി തീർപ്പാക്കിയിട്ടില്ലായെന്നും നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും സർക്കാർ എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള വകുപ്പിന്റെ മറുപടി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

2. സെയിൽ - എസ്. സി. എൽ. കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് - സംബന്ധിച്ച്.

(ഫ.നം.645/സബ്.സി.ബി2/2021/നി.സെ.)

സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് പൂർണ്ണമായും പ്രവർത്തന രഹിതമായ സ്ഥാപനമാണെന്നും കമ്പനിയുടെ വായ്പ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് ബന്ധപ്പെട്ട ബാങ്ക് അധികൃതർ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ കമ്പനി ഇപ്പോൾ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രോസസ് നേരിടുന്നതിനാലും മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവരുടെ സേവനം സസ്പെൻഡ് ചെയ്തിരിക്കുന്നതിനാലും പ്രസ്തുത സ്ഥാപനത്തിന് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

സമർപ്പിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നുമുള്ള വ്യവസായ (ഡി) വകുപ്പിന്റെ റിപ്പോർട്ട് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

3. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം പഠനവിധേയമാക്കുന്ന വിഷയങ്ങളിന്മേൽ വ്യവസായ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നത് – സംബന്ധിച്ച്

13.02.2025-ന ചേർന്ന സമിതി യോഗത്തിൽ 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ' പ്രകാരം പഠനവിധേയമാക്കുന്നതിന് മുമ്പായി ചേർത്തിരിക്കുന്ന വിഷയങ്ങൾ തെരഞ്ഞെടുത്തിരുന്നു.

(1) സംസ്ഥാനത്തെ, ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) ഹബ്ബാക്കി മാറ്റുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലെ സാധ്യതകൾ.

(2) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നീ വ്യവസായ മേഖലകളുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ.

പ്രസ്തുത വിഷയങ്ങളിൽ 1-ാം ഇനം ആയി ഉൾപ്പെടുത്തിയിട്ടുള്ള വിഷയത്തിനു പകരം 'ആർട്ടിഫിഷ്യൽ ഇന്റലിജൻസും വ്യവസായ മേഖലയും' എന്ന വിഷയം പഠനവിധേയമാക്കാൻ സമിതി തീരുമാനിച്ചു.

കൂടാതെ നിലവിൽ പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് വ്യവസായ വകുപ്പിനോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് യോഗം പിരിഞ്ഞു.

2025 ആഗസ്റ്റ് 13 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 ആഗസ്റ്റ് 13-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ)
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
3. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
4. ശ്രീ. പി. സി. വിഷ്ണുനാഥ് (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2) ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി ആനി ജൂല തോമസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. സീറാം സാംബശിവ റാവു, സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്
4. ശ്രീമതി എം. എ. റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി പ്രവദ. പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
7. ശ്രീമതി പ്രീത കുമാരി. എൽ. പി., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
8. ശ്രീമതി ഹേമ. വി., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
9. ശ്രീ. വിഷ്ണുരാജ്. പി., ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

10. ഡോ. കെ. എസ്. കൃപ കുമാർ, ഡയറക്ടർ, ഹാൻഡ്ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ്

11. ഡോ. കെ. എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

12. ശ്രീ. എ. അലക്സാണ്ടർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കശുവണ്ടി ബോർഡ്

13. ശ്രീ. സുനിൽ ജോൺ. കെ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

14 ശ്രീ. സന്തോഷ് കുമാർ. എം. പി., മാനേജിംഗ് ഡയറക്ടർ, കാപെക്സ്

15. ശ്രീ. മാത്യു. സി. വി., മാനേജിംഗ് ഡയറക്ടർ, കാഡ്കോ

16. ശ്രീ. വർഗീസ് മാളക്കാരൻ, ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

17. ശ്രീ. അഹ്സൽ അലി. കെ., മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

18. ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

19. ശ്രീ. സുകുമാർ അരുണാചലം, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ

20. ഡോ. പ്രതീഷ് ജി. പണിക്കർ, മാനേജിംഗ് ഡയറക്ടർ, ടാക്കോ

21. ശ്രീ. സന്തോഷ് ജി. ഐ., മാനേജിംഗ് ഡയറക്ടർ, കരകൗശല വികസന കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

22. ശ്രീ. സതീഷ് കുമാർ. പി., മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ

23. ശ്രീമതി ശ്രീലേഖ. എൽ., അക്കൗണ്ട്സ് ഓഫീസർ, കെൽപാം.

24. ശ്രീ. അഷറഫ് എ., കോ-ഓർഡിനേറ്റർ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ

പ്രസ്തുത യോഗത്തിൽ കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2024-25, 2023-24, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസ പത്രികകൾ, സമിതിക്കുള്ള

കുറിപ്പുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. 2024-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്ട് (2024-ലെ 26-ാം ആക്ട്) പ്രകാരം തയ്യാറാക്കിയ കരട് ചട്ടം

(ഫയൽ നം. KLS/807/2025/Sub C B2)

പ്രസ്തുത നിയമത്തിൽ 'കൈപ്പറ്റ് സാക്ഷ്യപത്രം' എന്ന പദത്തിനുപകരം 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം' എന്ന ഭേദഗതി എസ്.ആർ.ഒ. നം. 30/2025 പ്രകാരം വന്നിട്ടുള്ളതും ആയത് 30.05.2025-ന ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ആയത് ഒഴിവാക്കുകയും തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധി 'മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേയ്ക്ക് ദീർഘിപ്പിച്ചിട്ടുള്ളതിനാൽ' അതനുസരിച്ച് ഫോറം II -ലെ clause (2) (സി)-യിൽ വരുത്തിയിട്ടുള്ള മാറ്റം അനുവദിക്കുകയും ചെയ്തുകൊണ്ട് സമിതി പ്രസ്തുത കരട് ചട്ടം അംഗീകരിച്ചു.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

1) **2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫയൽ നം. 12962/സബ്.സി.ബി2/2024/ലെജി)

2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണന വേളയിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് ഒഴികെ സമിതിയുടെ മിക്ക ശിപാർശകളിന്മേലും ധനകാര്യ വകുപ്പ് തുക അനുവദിച്ചിട്ടില്ല എന്നുള്ള വിവരം ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

തുടർന്ന് ഖണ്ഡിക 2-ലെ ശിപാർശയിന്മേൽ വ്യവസായ (ബി) വകുപ്പും 3 മുതൽ 6 വരെ, 33, 34, 51, 52, 53 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (സി) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 9 മുതൽ 20 വരെയും ഖണ്ഡിക 42 ലെയും ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത /കുടുംബപെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ടെന്നും ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 13.1115925 കോടി രൂപ കുടിശ്ശികയുള്ളതായും ആയതിനാൽ '2851-00-105-95-10 കേരള ഖാദി തൊഴിലാളി ക്ഷേമനിധി-സംഭാവന' എന്ന ശീർഷകത്തിൽ 13.1115925 കോടി രൂപ അധികമായി വകയിരുത്തണമെന്നുമാണ് വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം ഖണ്ഡിക 11-ൽ സമിതി ശിപാർശ ചെയ്തിരുന്നത്. ആയതിൻപ്രകാരം 115 ലക്ഷം രൂപ അധിക ധനാനുമതിയായി ബോർഡിന് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത 115 ലക്ഷം രൂപയിൽ 17,75,857/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുള്ള ഓഡിറ്റ് ചാർജ് കുടിശ്ശിക ഇനത്തിൽ ഒടുക്കുന്നതിനും ബാക്കിയുള്ള 97,24,143/-രൂപ സർക്കാർ വിഹിത അംശദായമായുമാണ് അനുവദിച്ചിട്ടുള്ളതെന്ന മറുപടിയാണ് നടപടി സ്റ്റേറ്റ്മെന്റിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും സമിതി ശിപാർശ ചെയ്യുന്ന വേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുള്ള ഓഡിറ്റ് ചാർജ് കുടിശ്ശിക വകുപ്പ് സൂചിപ്പിച്ചിരുന്നില്ല എന്നും നിരീക്ഷിച്ച സമിതി, ആയതിന്മേലുള്ള വിശദീകരണം ആരാഞ്ഞതിന് തുക റിലീസ് ചെയ്യുന്ന വേളയിൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുള്ള ഓഡിറ്റ് ചാർജ് കുടിശ്ശിക നൽകിയതെന്ന് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് ചാർജ് കുടിശ്ശികയുള്ള വിവരം കൂടി സമിതിയുള്ള കുറിപ്പിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നും ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. തുടർന്ന് പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 28 മുതൽ 32 വരെയുള്ള ശിപാർശകളിന്മേൽ വ്യവസായ (എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു. മൈനിങ് ആൻഡ് ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 30 ലെ ശിപാർശയിൽ സ്വീകരിച്ച നടപടി റിപ്പോർട്ടിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 22.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നതാണെന്നും പദ്ധതി വിഹിതം ക്രമീകരിച്ചതിനെ തുടർന്ന് ഡയറക്ടറേറ്റിലെ റീവയറിംഗ് നടത്തുന്നതിന് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം സർക്കാരിൽ നിന്നും 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി തുക വിനിയോഗിച്ച് റീവയറിങ് പൂർത്തിയാക്കുകയും ചെയ്തുവെന്നും 50 ലക്ഷം രൂപ Strengthening of District Organisation Sub Offices, Hire charges of motor Vehicles എന്ന ഹെഡിലേക്ക് റീ അപ്രോപ്രിയേഷൻ വഴി വകമാറ്റുകയും ചെയ്തിരുന്നുവെന്നും അതിനാൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി അധിക തുകയുടെ ആവശ്യം വന്നില്ല എന്നുമാണ് റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. 60 ലക്ഷം രൂപ ചെലവിൽ പ്രസ്തുത ആവശ്യം പൂർത്തീകരിച്ചുവെന്നാണ് മനസ്സിലാക്കുന്നതെന്നും അങ്ങനെയെങ്കിൽ 22.98 കോടി രൂപ ശിപാർശ ചെയ്യണമെന്ന് ആവശ്യപ്പെട്ടത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. പദ്ധതി വിഹിതം ക്രമീകരിച്ചതിനെ തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് ഡയറക്ടറേറ്റിൽ റീവയറിങ് പൂർത്തിയാക്കിയിട്ടുണ്ടെന്നും 50 ലക്ഷം രൂപ മേൽ ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി വകമാറ്റുകയും ചെയ്തിരുന്നുവെന്നും വകുപ്പിൽ ഇപ്പോൾ മിനറൽ സ്ക്വാഡുകളുണ്ടെന്നും അതിന്റെ ഭാഗമായി എല്ലാ ജില്ലാ ഓഫീസുകളിലും ഇ -ഓഫീസ് സംവിധാനം ആവശ്യമാണെന്നും അതിനായി ഹെഡിലേക്ക് റീ-അപ്രോപ്രിയേഷൻ വഴി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും അതുകൊണ്ടാണ് ഇ-ഓഫീസ് നടപ്പാക്കുന്നതിന് അധിക തുകയുടെ ആവശ്യം വരാത്തതെന്നും റിപ്പോർട്ടിലെ വാചകം ആണ് ആശയക്കുഴപ്പം ഉണ്ടാക്കിയതെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് സമിതി വകുപ്പിന് നിർദേശം നൽകി.

തുടർന്ന് പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 35, 37, 47, 48, 49, 50 എന്നീ ശിപാർശകളിന്മേൽ വ്യവസായ (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 40-ലെ ശിപാർശയിന്മേൽ വ്യവസായ (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ സൂക്ഷ്മമായി പരിശോധിച്ച് വസ്തുതാപരമായ വിവരം നൽകാൻ ശ്രദ്ധിക്കണമെന്ന് വകുപ്പിന് സമിതി നിർദ്ദേശം നൽകി.

III. വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, 2023-24, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ

(ഫയൽ നം. KLS/565/2025/Sub C B2)

1. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
2. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്
3. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്
4. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)
5. ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
6. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)
7. ദി കേരള സിറാമിക്സ് ലിമിറ്റഡ്
8. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
9. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
10. കേരള റബ്ബർ ലിമിറ്റഡ്
11. ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്
12. കയർ വികസന വകുപ്പ്

13. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്
14. കേരള ക്ലേയ്സ് ആൻഡ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് (കെ.സി.സി.പി.)
15. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
16. കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)
17. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്
18. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി
19. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ് കോ)
20. കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)
21. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
22. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്
23. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ
24. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്
25. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
26. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
27. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽസ് ഫോർജിംഗ്സ് ലിമിറ്റഡ്
28. കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
29. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്
30. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)
31. കെൽട്രോൺ കംപൊണന്റ് കോംപ്ലക്സ് ലിമിറ്റഡ്
32. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
33. ആട്ടോകാസ്റ്റ് ലിമിറ്റഡ്

2. **2023-24 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫയൽ നം. KLS/3757/2025/Sub C B2)

(1) വ്യവസായ വാണിജ്യ വകുപ്പ്, (2) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, (3) കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, (4) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും അവ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ ലഭ്യമാക്കിയ സ്ഥാപനം

(ഫയൽ നം.KLS/5656/2025/Sub C B2)

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. സമിതിക്കുള്ള ചുമതല

1. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്- സംബന്ധിച്ച്.

(ഫയൽ നം. KLS/5091/2025/Sub C B2)

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ (കാഡ്കോ) എന്നീ പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് വകുപ്പിൽനിന്നും ലഭ്യമാക്കുകയും ആയത് സമിതി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കാഡ്കോയുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് പ്രസ്തുത റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു.

2. 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട്-തുടർനടപടി - സംബന്ധിച്ച്.

(ഫയൽ നം. KLS/792/2025/Sub C B2)

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവ് വരെ നിയമസഭ പാസാക്കിയ നിയമങ്ങളിൽ കൂടിശ്ശികയുള്ള ചട്ടരൂപീകരണം സംബന്ധിച്ച് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ പ്രത്യേക അജണ്ട തയ്യാറാക്കി ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി കൂടിശ്ശിക തീർപ്പാക്കേണ്ടതാണെന്ന്

ബഹു. സ്പീക്കർ ഉത്തരവായിട്ടുണ്ടെന്നും '2024 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും' ആക്ട് സംബന്ധിച്ച് രൂപീകരിക്കേണ്ട ചട്ടങ്ങൾ കരട് രൂപത്തിൽ തയ്യാറാക്കി ലഭ്യമാക്കണമെന്നും വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്ന് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആയതിന്, സ്വകാര്യ വ്യവസായ പാർക്കുകളിലെ സി. ഇ. ഒ. -യെ കമ്മിറ്റി യോഗങ്ങളിൽ ക്ഷണിതാവാക്കാമെന്ന ക്ലോസ് ആണ് അതിൽ കൂട്ടിച്ചേർത്തിട്ടുള്ളതെന്നും 'സ്വകാര്യ വ്യവസായ പാർക്ക് ' എന്നത് ഉൾപ്പെടുത്തിയപ്പോഴാണ് പ്രസ്തുത ക്ലോസ് ചേർത്തതെന്നും ആയതിൽ ക്ഷണിതാവിനെ സംബന്ധിച്ച ഒരു പ്രൊവിഷൻ കൊടുത്തിട്ടുള്ളതിനാൽ ചട്ടം ആവശ്യമാണെന്നും 18.01.2025 തീയതിയായി ഫയൽ വകുപ്പിന് നൽകിയിട്ടുണ്ടെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു . രണ്ടാഴ്ചക്കകം ചട്ടത്തിന്റെ കരട് പരിശോധിച്ച് സമിതിക്ക് സമർപ്പിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

3. ഫയൽ അദാലത്ത്-കൂടിശ്ശികയുള്ള ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ

(ഫയൽ നം. KLS/6581/2025/Sub C B2)

വിവിധ നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് വളരെ കാലമായി കുടിശ്ശികയുള്ള ഫയലുകളും മറ്റു വിഭാഗങ്ങളിലെ കുടിശ്ശികയുള്ള ഫയലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ബഹു. സ്പീക്കർ ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള താഴെപ്പറയുന്ന ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും കുടിശ്ശികയുള്ള റിപ്പോർട്ടുകൾ ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് സമിതി വകുപ്പിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു.

1) **2012-ലെ കോമൺ വെൽത്ത് ട്രസ്റ്റ് കോഴിക്കോട് സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും നിയമം (2018-ലെ 1-ാംആക്ട്)**

(ഫയൽ നം. 2291/സബ്.സി.ബി2/2018/നി.സെ.)

വിഷയം കോടതിയുടെ പരിഗണനയിലാണെന്ന റിപ്പോർട്ടാണ് സമിതിയ്ക്ക് ലഭിച്ചിട്ടുള്ളതെന്നും നിലവിലെ സ്ഥിതി എന്താണെന്നും ആരാഞ്ഞതിന് വിഷയത്തിന്മേൽ കോടതിയിൽ കേസ് നടക്കുകയാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2) **2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്ട്**

(ഫയൽ നം. KLS/792/2025/Sub C B2)

പ്രസ്തുത വിഷയം IV-2 പ്രകാരം പരിഗണിച്ചതാണെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

3) **ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കാഡ്കോ എന്നിവയെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്-തുടർ നടപടി സംബന്ധിച്ച്**

(ഫയൽ നം. 3918/സബ്.സി.ബി2/2018/നി.സെ)

(Efile No. KLS/5091/2025/Sub C B2)

പ്രസ്തുത വിഷയം IV-1 പ്രകാരം പരിഗണിച്ചതാണെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

4) **ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 26.07.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം സംബന്ധിച്ച്**

(ഫയൽ നം. 5129/സബ്.സി.ബി2/2017/നി.സെ.)
(Efile No. KLS/4594/2025/Sub C B2)

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി 30.05.2025-ലെ യോഗത്തിൽ പരിഗണിയ്ക്കുകയും അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും

അന്തിമ റിപ്പോർട്ട് ഇനിയും ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത പ്രോജക്ട് പ്രൊസീഡ് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുള്ളതായി കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി വ്യക്തമാക്കി. അത്തരത്തിൽ ഒരു തീരുമാനം ബോർഡ് കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചു.

5) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപറയുന്ന റിപ്പോർട്ടുകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നല്കി.

I. **2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്-**

(ഫയൽ നം.1325/സബ്.സി.ബി2/2018/നി.സെ.)
(Efile No. KLS/4780/2025/Sub C B2)

റിപ്പോർട്ടിലെ 58, 60 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കാലതാമസ പത്രിക നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

II. **2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്-**

(ഫയൽ നം. 3018/സബ്.സി.ബി2/2019/നി.സെ.)
(Efile No. KLS/4320/2025/Sub C B2)

റിപ്പോർട്ടിലെ 1, 45 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്കുള്ള നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും ലഭ്യമാക്കിയിട്ടില്ല.

III. **2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്-**

(ഫയൽ നം. 11441/സബ്.സി.ബി2/2022/നിസെ)

റിപ്പോർട്ടിലെ ഖണ്ഡിക 11, 17, 24, 26, 44 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും കാലതാമസ പത്രികയും ലഭ്യമാക്കിയിട്ടില്ല.

IV. **2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്-**

(ഫയൽ നം. 12256/സബ്.സി.ബി2/2023/നി.സെ.)
(Efile No. KLS/3819/2025/Sub C B2)

റിപ്പോർട്ടിലെ ഖണ്ഡിക 6, 7, 8, 28, 29, 30, 33, 37, 39 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും കാലതാമസ പത്രികയും ഖണ്ഡിക 2, 3 എന്നിവയുടെ കാലതാമസ പത്രികയും ലഭിച്ചിട്ടില്ല.

6) വിവിധ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ശേഷിക്കുന്നതായി സമിതി നിരീക്ഷിച്ചു. 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ശേഷിക്കുന്ന സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ റിപ്പോർട്ടുകൾ ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് സമിതി വ്യവസായ വകുപ്പിനോട് നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 3.30-ന് സമിതി യോഗം പിരിഞ്ഞു.

2025 സെപ്റ്റംബർ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 സെപ്റ്റംബർ മാസം 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1 ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
2. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന),
3. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ , എം.എൽ.എ.(വീഡിയോ കോൺഫറൻസിംഗ് മുഖേന),
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന),

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി പ്രവത പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീമതി ഹേമ വി., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി ആനി ജൂല തോമസ്, ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്

6. ശ്രീ. വിഷ്ണുരാജ് പി., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്

7. ഡോ. കെ.എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ആൻഡ് ഗ്രാമ വ്യവസായ ബോർഡ്

8. ശ്രീ. ഷിബു തദേവൂസ് സേവ്യർ, സെക്രട്ടറി & ജനറൽ മാനേജർ ഫിനാൻസ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

9. ശ്രീ. അജിത് കുമാർ കെ., എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ

10. കേണൽ ഷാജി എം. വർഗീസ് (റിട്ട.) മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്

11. ശ്രീ. രാജശേഖരൻ പിള്ള, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

12. ശ്രീ. നീരജ് മിത്തൽ, മാനേജിംഗ് ഡയറക്ടർ, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

13. ശ്രീ. സതീഷ് കുമാർ പി., മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

14. ശ്രീ. സന്തോഷ് ജി. എസ്., മാനേജിംഗ് ഡയറക്ടർ, കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ്

15. ശ്രീ. പി. അനീഷ് ബാബു, മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

16. ശ്രീ. അഫ്സൽ അലി കെ., മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

17. ശ്രീ. സുനിൽ ജോൺ കെ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്

18. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

19. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

20. ശ്രീ. രാജീവ് ജി., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്

21. ശ്രീ. വി.എസ്. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

22. ശ്രീ. ശിരീഷ് കെ., സ്പെഷ്യൽ ഓഫീസർ (കാഷ്യൂ), ചെയർമാൻ & സി.ഇ.ഒ,

കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കൾട്ടിവേഷൻ

23. ശ്രീ. ശരത് വി.എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഹാൻഡ്ലൂംസ് ആന്റ് ടെക്സ്റ്റൈൽസ്

24. ശ്രീ. ശശികുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

25. ശ്രീ. രാജ ശങ്കരപ്പിള്ള, ഫിനാൻസ് മാനേജർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

26. ശ്രീ. എ. നിസാറുദ്ദീൻ, ഫിനാൻസ് മാനേജർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

27. ശ്രീ. ബിജു മോഹൻ ആർ., സ്പെഷ്യലിസ്റ്റ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ

28. ശ്രീ. ഗോപകുമാർ എസ്., ലെയ്സൺ ഓഫീസർ, കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ്

29. ശ്രീ. അനിൽകുമാർ ബി., ചീഫ് മാനേജർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 263), The Kerala Coir Workers' Welfare Fund (Amendment) Bill, 2025 (Bill no. 268) എന്നീ ബില്ലുകൾ, കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങൾ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിരിക്കും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. **ബില്ലുകളുടെ പരിഗണന**

1. **2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 263)**

സമിതി, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 263) പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 4

(1) ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 16 ബി വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിലെ "ഈ ആക്ട് " എന്നതിന് പകരം "(1)-ാം ഉപവകുപ്പ് " എന്നീ ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക;

(ii) (3)-ാം ഉപവകുപ്പിലെ "ഈ ആക്ട് " എന്നതിന് പകരം "(1)-ാം ഉപവകുപ്പ് " എന്നീ ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക.

(2) ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ഡി(1) -ൽ,—

(i) "പ്രകാരമുള്ള കുറ്റങ്ങൾ" എന്നതിനുശേഷം "രാജിയാക്കുന്നതിന്," എന്ന

വാക്കും ചിഹ്നവും ചേർക്കുക;

(ii) "മുൻപാകെ" എന്നതിന് ശേഷമുള്ള "കുറ്റങ്ങൾ രാജിയാക്കുന്നതിന് " എന്നീ വാക്കുകൾ ഒഴിവാക്കുക;

(iii) "പരമാവധി"എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ.മഞ്ഞളാംകുഴി അലി, എം. എൽ. എ, ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

2. **The Kerala Coir Workers' Welfare Fund (Amendment) Bill, 2025 (Bill no. 268)**

സമിതി, The Kerala Coir Workers' Welfare Fund (Amendment) Bill, 2025 (Bill no. 268) പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

Clause 6

(1) In section 17A, proposed to be inserted in the principal Act by clause 6,—

for the words, figure and symbols “an officer equivalent to the rank of Coir Project Officer in the Industries/Coir Department may be designated by the Government, by notification in the Gazette, to impose penalty, who shall before taking steps for imposing penalty under section

17 of this Act," the words, figure and symbols "for imposing penalty under section 17, an officer equivalent to the rank of the Coir Project Officer in the Industries/Coir Department may be designated by the Government, by notification in the Gazette, who shall before taking steps to impose penalty," shall be substituted.

(2) In section 17B, proposed to be inserted in the principal Act by clause 6,—

(i) in sub-section (1), for the words "fine which may extend to", the words "a fine of" shall be substituted;

(ii) in sub-section (2), for the words "this Act" the words, symbol, bracket and figure "sub-section(1)" shall be substituted;

(iii) in sub-section (3), for the words "this Act" the words, symbol, bracket and figure "sub-section(1)" shall be substituted.

(3) In section 17D(1), proposed to be inserted in the principal Act by clause 6, —

(i) the word "provided" after the word "Offences" shall be deleted;

(ii) the word "maximum" shall be deleted.

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന

1. 2024-25 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫ.നം.KLS/2912/2025-SubC B2)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 36, 38, 43, 44, 45, 46, 55, എന്നിവയിലെ ശിപാർശകളിന്മേൽ വ്യവസായ (ജി), വ്യവസായ (എച്ച്), വ്യവസായ (ഡി) എന്നീ വകുപ്പുകൾ

സ്വീകരിച്ച നടപടി റിപ്പോർട്ട് പരിഗണനാവേളയിൽ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി പ്ലാൻ ഫണ്ട് 50 ശതമാനമായി നിജപ്പെടുത്തിയിരുന്നതിനാൽ സമിതിയുടെ ശിപാർശ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം വ്യവസായ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു . പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫ.നം. KLS/3819/2025-SubC B2)

പ്രസ്തുത റിപ്പോർട്ടിലെ 2, 3, 6, 7, 8, 30, 35, 37, 39, 40, 41, 53, 54 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ബി), വ്യവസായ (എച്ച്), വ്യവസായ (കെ) എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫ.നം. KLS/6782/2025-SubC B2)

പ്രസ്തുത റിപ്പോർട്ടിലെ 11, 17, 26 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പ് സ്വീകരിച്ച നടപടി റിപ്പോർട്ടും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, 2023-24, 2022-23, 2021-22, 2020-21, 2019-2020, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവയുടെ പരിഗണന

1. 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ

സ്ഥാപനങ്ങൾ

(ഫ.നം.KLS/565/2025-SubC B2)

1. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
2. കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം)
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ്
5. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
6. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
7. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി
8. കരകൗശല വികസന കോർപ്പറേഷൻ
9. കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ

മേൽപ്പറഞ്ഞ 1 മുതൽ 9 വരെയുള്ള സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ഇനം 9 ന്റെ കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. **2023-2024 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/3757/2025-SubC B2)

1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
2. ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
3. കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
4. കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ
5. കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

മേൽപ്പറഞ്ഞ അഞ്ചു സ്ഥാപനങ്ങളുടെയും 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. **2022-2023 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/5656/2025-SubC B2)

1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
5. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
6. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയുടെയും പരിഗണനാവേളയിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ച തുക സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന് പ്രസ്തുത സ്ഥാപനത്തിന്റെ 2022-23-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഉടൻ റീസബ്മിറ്റ് ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് മറ്റു സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. **2021-2022 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/4528/2025-SubC B2)

1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
3. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
4. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. **2020-2021 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/4447/2025-SubC B2)

1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
2. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
3. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
4. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
5. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6. **2019-2020 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/5622/2025-SubC B2)

1. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
2. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

7. **2018-2019 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ**

(ഫ.നം.KLS/7595/2025-SubC B2)

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV **സമിതിയുള്ള ഇടക്കാല മറുപടി**

'ഖാദി വ്യവസായ മേഖലയുടെ വികസനവും നവീകരണവും -സോളാർ പാനൽ സ്ഥാപിക്കുന്നതിലെ പുരോഗതി' -ഇടക്കാല മറുപടി-സംബന്ധിച്ച്

(ഫ.നം.5129/സബ്.സി.ബി2/2017/നി.സെ)

പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടിയുടെ പരിഗണനാവേളയിൽ എർഗോണോമിക്സ് സ്റ്റഡി നടത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും ഒരു വർഷത്തിനുള്ളിൽ പ്രസ്തുത പഠനം പൂർത്തിയാക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിനുമുമ്പ് തന്നെ പൂർത്തീകരിക്കാനാകുമെന്നും ചെറിയ ഇൻപുട്ട് നൽകിക്കൊണ്ട് വളരെ നല്ല ഔട്ട്പുട്ട് നേടുക എന്നതാണ് ആയതിന്റെ ആശയമെന്നും അതിനായി പല പരീക്ഷണങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണെന്നുമുള്ള വിവരം കേരള ഖാദി & ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

V. **സമിതിയുള്ള കുറിപ്പ്**

സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാൻ കൂടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്

(ഫ.നം.KLS/4528/2025-SubC B2)

പ്രസ്തുത സ്ഥാപനത്തിൽ 2016 മുതൽ ഉത്പാദനം നിലച്ചിരുന്നതിനാലും കമ്പനിയുടെ വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് ബാങ്ക് അധികൃതർ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് കമ്പനി സി.ഐ.ആർ.പി. നേരിടുന്നതിനാലും മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവരെ സസ്പെൻഡു ചെയ്തിരിക്കുന്നതിനാൽ സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നുള്ള വിവരം വ്യവസായ (ഡി) വകുപ്പിൽ നിന്നും അറിയിച്ചതിൻ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് പരിശോധിച്ചതായും ടി വർഷങ്ങളിൽ സ്ഥാപനത്തിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചു നൽകിയതായി കാണുന്നില്ല എന്നുമുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാൻ കൂടിശ്ശികയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

VI. കരട് റിപ്പോർട്ട്

1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പിരിയോഡിക്കൽ റിപ്പോർട്ട്

പ്രസ്തുത കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഖണ്ഡിക 1, 7, 8, 23, 39, 41 എന്നിവയിലെ ശിപാർശകളിന്മേൽ സ്വീകരിച്ച റിപ്പോർട്ടുകൾ അന്നേദിവസം തന്നെ ലഭ്യമാക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് യോഗം പിരിഞ്ഞു.

2025 ഒക്ടോബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 ഒക്ടോബർ 4 ശനിയാഴ്ച്ച ഉച്ചയ്ക്ക ശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സൺ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ഓൺലൈനായി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
2. ശ്രീ. പി. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ. വി. ശശി, എം.എൽ.എ.
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
5. ശ്രീ. മഞ്ഞളാംകുഴി അലി , എം.എൽ.എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന)
6. ശ്രീ. പി. സി. വിഷ്ണുനാഥ് , എം.എൽ.എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി പ്രവദ പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. വർഗീസ് മാളക്കാരൻ, ജനറൽ മാനേജർ , കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

'2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ' (ബിൽ നം.277), ഔദ്യോഗിക ഭേദഗതികൾ എന്നിവ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 5

1. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-ൽ, __

13 ജി വകുപ്പിന്റെ മാർജിനൽ ശീർഷകത്തിനും ചിഹ്നങ്ങൾക്കും ശേഷം "(1)" എന്ന ബ്രാക്കറ്റും അക്കവും ചേർക്കുക.

2. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-യിലെ 13 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, __

(i) ഇനം (ബി)-യ്ക്ക് പകരം താഴെപ്പറയും പ്രകാരം ചേർക്കുക, അതായത്:--

"(ബി) വ്യവസായ നയം നടപ്പിലാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക ;"

(ii) ഇനം (ജി)-യ്ക്ക് ശേഷം നൽകിയിട്ടുള്ള വിശദീകരണം ഒഴിവാക്കുകയും ആയത് ഇനം (ഐ)-യ്ക്ക് ശേഷം ചേർക്കുകയും ചെയ്യുക.

3. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-യിലെ 13 ജെ വകുപ്പിന്റെ ഇനം (ഡി)-ൽ "നടത്തുകയും" എന്ന വാക്കിന് പകരം "വഹിക്കുകയും" എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-ലെ 13 കെ വകുപ്പിൽ, "നിറവേറ്റുന്നതിന്" എന്ന വാക്കിന് പകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളോടൊപ്പം ആനുഷംഗികമായ മറ്റ് ഭേദഗതികളും സമിതി അംഗീകരിച്ചു.

സമിതി അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

ഉച്ചയ്ക്ക് ശേഷം 2.40 ന് സമിതി യോഗം പിരിഞ്ഞു.

*****

2026 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2026 ഫെബ്രുവരി 18-ാം തീയതി ബുധനാഴ്ചരാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
2. ശ്രീ. വി. ശശി, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ്
2. ശ്രീമതി എം. എ. റെജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീമതി സിമി സി. എസ്., അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
4. ശ്രീമതി പ്രവദ പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ്
5. ശ്രീ. രാജേഷ് അന്തോളി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി ആനി ജൂല തോമസ്, ഡയറക്ടർ, കയർ വികസന വകുപ്പ്
7. ശ്രീ. അജിത് എസ്.,ജോയിന്റ് ഡയറക്ടർ, ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടേറ്റ്
8. ശ്രീ. മനോജ്കുമാർ ഇ. എസ്., അസിസ്റ്റന്റ് ഡയറക്ടർ, ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടേറ്റ്
9. ശ്രീ. ഷിബു ജി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. സാബു ആന്റണി കെ., ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
11. ശ്രീ. എബി തോമസ്, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (TEXFED)
12. ഡോ. കെ. എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

13. ശ്രീ. വി. എസ്. സുലോചനൻ, ചെയർമാൻ, കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി)
14. ശ്രീ. എബിൻ ജോസഫ്, റിസർച്ച് ഓഫീസർ, വ്യവസായ വാണിജ്യ വകുപ്പ്

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

വ്യവസായ വാണിജ്യ വകുപ്പ്

2851-00-102-84 (01)-33 — സംരംഭക സഹായ പദ്ധതി / സംസ്ഥാന നിക്ഷേപ സബ്സിഡി-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 110 കോടി രൂപ (പ്ലാൻ)

എം. എസ്. എം. ഇ. മേഖലയിലെ ഉത്പാദക യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ 2023-2024 മുതലുള്ള കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 90 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2851-00-102-07 (01)-34-3 — സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രത്യേക പദ്ധതി - നിലവിലുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കലും വികാസവും- മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 39 കോടി രൂപ (പ്ലാൻ)

ലഭ്യമായ അപേക്ഷകൾക്ക് സഹായം അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2851-00-104-70 — പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്കുള്ള സ്വർണ്ണ മൂല്യനിർണ്ണയ പരിശീലനം

ബഡ്ജറ്റ് വിഹിതം : 24 ലക്ഷം രൂപ (പ്ലാൻ)

പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്ക് ഗോൾഡ് അപ്രൈസർ പരിശീലനം നൽകുന്നതിനായി 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-104-71 (01 &02 - GENERAL) – ദേശീയ ബാംബൂ മിഷനിലേക്കുള്ള സഹായം (60% സെൻട്രൽ അസിസ്റ്റൻസ്)- സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 2026-27 വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ /പദ്ധതികൾ നടപ്പിലാക്കുന്നതിനായി മേൽ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-102-17 (02) — പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭക സ്കീം - ഷെയറബിൾ- (60% - സി.എസ്.എസ്.) പി.എം.എഫ്.എം.ഇ. സ്കീം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

2026-27 സാമ്പത്തിക വർഷത്തേക്ക് 129 കോടി രൂപയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുള്ളതിനാൽ ആയതിന്റെ സംസ്ഥാന വിഹിതമായി ആവശ്യമായ 38.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-001-93 —വൈദഗ്ധ്യ വികസനം / ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്തിന് അനുയോജ്യമായ സാധ്യതയുള്ള മേഖലകളിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി തീവ്രമായ വ്യവസായവൽക്കരണം കൈവരിക്കുന്നതിനും കേന്ദ്ര പദ്ധതിയായ RAMP ൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രോഗ്രാമുകളുടെ കേന്ദ്രവിഹിതത്തിനാനുപാതികമായ സംസ്ഥാന വിഹിതം വകയിരുത്തേണ്ടതിനുമായി മേൽ ശീർഷകത്തി ൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4851-00-101-93(02) — ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

എം.എസ്.ഇ- സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കോമൺ ഫെസിലിറ്റി സെന്ററുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4851-00-101-86 — സൂക്ഷ്മ /ചെറുകിട / വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : 17 കോടി രൂപ (പ്ലാൻ)

വിവിധ വ്യവസായ പ്ലോട്ട്/ഏരിയകളുടെ നവീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം 58.32 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും നിലവിൽ എസ്റ്റിമേറ്റ് നിരക്കുകൾ DSoR 2021 ആയി ഉയർത്തിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റുകളിൽ വർദ്ധനവ് ഉണ്ടാവുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4851-00-102-89 —വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം, മൾട്ടിപർപ്പസ് ട്രേഡ് ഫെസിലിറ്റേഷൻ സെന്റർ എന്നിവ പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-101-89 — വ്യവസായ പ്രദേശം / പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ലഭ്യമായ അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4851-00-102-90 —വ്യവസായ വകുപ്പിലെ ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 6.25 കോടി രൂപ (പ്ലാൻ)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ഉപ ഓഫീസുകളുടെയും ആധുനിക വൽ ക്കരണത്തിനായി 6.5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർ ത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4851-00-102-84 —നിലവിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 1.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

2851-00-105-95-10 —കേരള ഖാദി തൊഴിലാളിക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

ക്ഷേമനിധി ചട്ട പ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യ തുക സർക്കാർ അംശദായം നൽകണമെന്നതിനാലും, നിധിയിൽ നിന്ന് അവശത /കുടുംബപെൻഷനും, വിവിധ ആനുകൂല്യങ്ങളും നൽകുന്ന ആവശ്യത്തിലേയ്ക്ക് വേണ്ടിയും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14,18,67,579 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

2851-00-105-66 (02) — ഖാദി ഗ്രാമ വ്യവസായ വികസനം - വാർത്താവിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (പ്ലാൻ)

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 1.10 കോടി രൂപ മേൽ ശീർഷകത്തിൽ ധനപൂനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-105-66 (03) — ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി മേൽ ശീർഷകത്തിൽ 63 ലക്ഷം രൂപ ധനപൂനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-105-87 — ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.3 കോടി രൂപ (പ്ലാൻ)

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള വിൽപനശാലകളുടെയും ഖാദി ഗ്രാമ സൗഭാഗ്യയുടെയും സംഭരണശാലകളുടെയും നവീകരണത്തിനും ആധുനികവൽകരണത്തിനും പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ 13.2575 കോടി രൂപ ധനപൂനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-86 — മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 85 ലക്ഷം രൂപ (പ്ലാൻ)

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടേയും മറ്റ് ഖാദി സ്ഥാപനങ്ങളുടേയും പുനരുജ്ജീവനത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും 3.6629 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-85 — പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2.95 കോടി രൂപ (പ്ലാൻ)

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 1000 പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം നല്കുവാനും ഈ മേഖലയിൽ 3000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇ.ഡി.പി. പരിശീലനം നൽകുവാനുമായി 15.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-105-73 —ഖാദി നെയ്ത്തുകാർക്കുള്ള ഉത്പാദന/ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 6.60 കോടി രൂപ (പ്ലാൻ)

ഖാദി നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനുമായി 1.90 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-72 —വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ , സോപ്പ് യൂണിറ്റ് നവീകരണം, എറണാകുളം, കുന്നുകര എന്നിവിടങ്ങളിലെ ആർ .എം.ജി. യൂണിറ്റിൽ മെഷിനറി വാങ്ങൽ , തിരുവനന്തപുരം ആർ.എം.ജി. യൂണിറ്റിന്റെ ശാക്തീകരണം, യൂണിറ്റുകളിലേക്ക് മെഷിനറി വാങ്ങൽ, ഇളമ്പച്ചി കിടക്ക നിർമ്മാണ യൂണിറ്റ് നവീകരണം എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ 1.1325 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-71 —<u>വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും</u>

ബഡ്ജറ്റ് വിഹിതം : 1.70 കോടി രൂപ (പ്ലാൻ)

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി 21.593 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-105-64 — <u>ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട്</u>

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (പ്ലാൻ)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ , സാങ്കേതിക നവീകരണം കൂടാതെ, പട്ടുല്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കുമായി മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-195-88-ശോചനീയാവസ്ഥയിലുള്ളവ/പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾക്കുള്ള പുനരുജ്ജീവന ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിൽ പ്രവർത്തനരഹിതമായതും ശോചനീയ അവസ്ഥയിലുള്ളതുമായ 48 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 4.3946 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-66(04) —തേനീച്ച വളർത്തൽ വ്യവസായ വികസനം

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

തേനിന്റെ ഉണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി തേനീച്ച കർഷകർക്ക് പരിശീലനം നൽകുന്നതിനും തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ചപ്പെട്ടികൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും ചെറിയ തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും തേൻ സംസ്കരണ യൂണിറ്റിന്റെ നവീകരണത്തിനുമായി 44 ലക്ഷം രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-99-31 —കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 52.6415 കോടി രൂപ (നോൺ പ്ലാൻ)

ജീവനക്കാരുടേയും പെൻഷൻകാരുടേയും ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശിക, വിരമിക്കൽ ആനുകൂല്യങ്ങളുടെ കുടിശ്ശിക എന്നിവ നല്കുന്നതിനായി 81.9171 കോടി രൂപയും 1991

മുതൽ 2024 വരെ ബോർഡ് വകമാറ്റി ചെലവഴിച്ച തുകയായ 72.5023 കോടി രൂപയും ചേർത്ത് ആകെ 154.4194 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-105-96-33 — കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഖാദിയുടെ ചില്ലറ വിൽപനയ്ക്കുള്ള പ്രത്യേക റിബേറ്റ്-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

റിബേറ്റിനായി ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്നും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിനു പുറമേ ഉത്സവ കാലങ്ങളിൽ 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നല്കുന്നുണ്ടെന്നും കൂടിശ്ശികയിനത്തിലും തുക നല്കാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

4851-00-190-99 —കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

ഇ-ഗവേണൻസ്, നവീകരണം, കമ്പ്യൂട്ടർവത്ക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്കായി നിലവിലുള്ള 2 കോടി രൂപ കൂടാതെ 1 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-25 — യുവ വീവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ തുക അനുവദിക്കേണ്ടതിനാലും അടുത്ത സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിനായും 1.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-38 — നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.50 കോടി രൂപ (പ്ലാൻ)

പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക് /നൂൽ ചുറ്റുന്നവർക്ക് പ്രോത്സാഹന ധനസഹായം നല്കുന്നതിനും ഈ ഇനത്തിൽ 2019-20 മുതലുള്ള കുടിശ്ശിക നല്കുന്നതിനും സ്ലീറ്റ് വാർപ്പിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിഗത അനുബന്ധ തൊഴിലാളികൾക്കും കൈത്തറി കൺസോർഷ്യങ്ങൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നല്കുന്നതിനുമായി മേൽ ശീർഷകത്തിൽ 10.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-37 —കൈത്തറി ഗ്രാമം, സംയോജിത കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 1.10 കോടി രൂപ (പ്ലാൻ)

എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പണി പൂർത്തിയാക്കുന്നതിനും യന്ത്ര സാമഗ്രികളും ഉത്പന്നങ്ങളും വാങ്ങുന്നതിനുമായി 8.90 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-103-43 — അംശദാന മിതവ്യയ ഫണ്ട്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

നടപ്പു സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ 50 ലക്ഷം രൂപ അനുവദിക്കേണ്ടതുള്ളതിനാലും അടുത്ത സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിനുമായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-64 —വിപണന കയറ്റുമതി ഉന്നമന പദ്ധതി

ബഡ്ജറ്റ് വിഹിതം : 3.40 കോടി രൂപ (പ്ലാൻ)

കൈത്തറി മാർക്ക് "K" ബ്രാൻഡിന്റെ വിപണിവത്കരണത്തിനും അതിനെ വിപണിയിൽ ചിരപരിചിതമാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്കും കൊച്ചിയിലും തിരുവനന്തപുരത്തും ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനുമായി 4.60 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-74 —പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 3.20 കോടി രൂപ (പ്ലാൻ)

ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലെ ഐ .ടി. ഉപകരണങ്ങളുടെ നവീകരണത്തിനായി 1.60 കോടി രൂപയും, ഐ.ഐ.ടി. മദ്രാസ് വികസിപ്പിച്ച കൈത്തറി യന്ത്രമാതൃകയെ യഥാർത്ഥ നെയ്ത്ത് യന്ത്രങ്ങളാക്കി മാറ്റി വിതരണം ചെയ്യുന്നതിനും നെയ്ത്തുകാർക്ക് അവയിൽ പരിശീലനം നല്കുന്നതിനും കൂടാതെ കൈത്തറി തുണിത്തരങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി നടത്തിവരുന്ന ഗവേഷണങ്ങൾക്കുമായി 2.20 കോടി രൂപയും ഉൾപ്പെടെ ആകെ 3.80 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-103-23 —കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ്ലൂം വില്ലേജ്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

കണ്ണൂരിലെ കാഞ്ഞിരോട് സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി ആരംഭിക്കുന്നതിലേയ്ക്കായി നിലവിലുള്ള 10 ലക്ഷം രൂപ കൂടാതെ 9.90 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4860-01-195-92-ടെക്സ് ഫെഡിന്റെ അധീനതയിലുള്ള പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയുടെ നെയ്ത്തുപുരയുടെ മേൽത്തട്ട് നന്നാക്കുന്ന ജോലികൾക്കായി 10 ലക്ഷം രൂപയും, കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയ്ക്ക് പുതിയ യന്ത്രത്തറി വാങ്ങുന്നതിനായി 20 ലക്ഷം രൂപയും വയനാട് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയുടെ മാർക്കറ്റിംഗ് ഡിജിറ്റലൈസ് ചെയ്യുന്നതിനും നാച്വറൽ ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 30 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-109-74(01) — കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ-സംസ്ഥാന സഹായ പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

ആലപ്പുഴ, മലപ്പുറം, മലബാർ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഓരോ ആട്ടോകോണർ മെഷീനുകൾ വാങ്ങുന്നതിന് 2.52 കോടി രൂപ വീതവും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവത്ക്കരണത്തിനും ഇലക്ട്രിക്കൽ, സിവിൽ വർക്കുകൾ ചെയ്യുന്നതിനുമായി 1.9 കോടി രൂപയും ചേർത്ത് ആകെ 9.46 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കയർ വികസന വകുപ്പ്

2851-00-106-92-(02)—വിപണന വികസന പദ്ധതി (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കയർഫെഡ്, കയർ കോർപ്പറേഷൻ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നിവയുടെ അർഹതയ്ക്കനുസരിച്ച് ആവശ്യമായ തുക കൂടുതലാണെന്നും ഈ ഇനത്തിൽ അർഹതയുള്ള ക്ലെയിം ഇനിയും കൊടുത്തു തീർക്കാനുണ്ടെന്നും സംസ്ഥാന വിഹിതമായി ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി കേന്ദ്ര വിഹിതം ലഭിക്കുന്ന പദ്ധതിയാണെന്നും വിലയിരുത്തിയ സമിതി, 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-106-34 — വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 36 കോടി രൂപ (പ്ലാൻ)

കയർ വില പുനർ നിർണ്ണയിച്ചതിലൂടെ ക്രയവില വ്യതിയാന ഫണ്ടിലെ കയർഫെഡിന്റെ ക്ലെയിമുകൾ വർദ്ധിച്ചതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കാനുള്ളതിനാലും മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

2026 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2026 ഫെബ്രുവരി 18-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്ക ശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.
2. ശ്രീ. വി. ശശി, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ്
2. ശ്രീ. ഹരികുമാർ കെ., ഡയറക്ടർ, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്
3. ശ്രീമതി ആനി ജൂല തോമസ്, (ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി), വ്യവസായ വകുപ്പ്

4. ശ്രീമതി എം. എ. റെജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി ലത കുമാരി എം. ബി., അഡീഷണൽ സെക്രട്ടറി , ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
6. ശ്രീമതി ശൈലമ്മ കെ ., അഡീഷണൽ ഡയറക്ടർ , ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ്
7. ശ്രീമതി പ്രീത കുമാരി എൽ. പി., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
8. ശ്രീമതി ജയലക്ഷ്മി റ്റി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. രാജേഷ് അന്തോളി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി പ്രവദ പി. ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
11. ശ്രീ. അജിത് കുമാർ കെ, എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ
12. ശ്രീ. പ്രശാന്ത് ആർ., ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ
13. ശ്രീ. വർഗീസ് മാളക്കാരൻ, ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ.
14. ശ്രീ. ജോസ് കുര്യൻ എം., ജനറൽ മാനേജർ (ഇൻ-ചാർജ്ജ്), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ
15. ശ്രീ. വി. എസ്. സുലോചനൻ, ചെയർമാൻ, കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(സുരഭി)
16. ശ്രീ. സതീഷ് കുമാർ പി., മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ
17. ശ്രീ. രഞ്ജി ജോസ്, ജനറൽ മാനേജർ, മലബാർ സിമന്റ്സ് ലിമിറ്റഡ്
18. ശ്രീ. പ്രദീപ് കുമാർ ബി., ചീഫ് മാനേജർ, കാപെക്സ്
19. ശ്രീ. എ. അലക്സാണ്ടർ, ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്
20. ശ്രീമതി ശ്യാമള എസ്., മാനേജിങ് ഡയറക്ടർ, ദി കേരള സിറാമിക്സ് ലിമിറ്റഡ്
21. ഡോ. പ്രതീഷ് ജി. പണിക്കർ, മാനേജിങ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

22. ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിങ് ഡയറക്ടർ, കിൻഫ്ര

23. ശ്രീ. റ്റി. എസ്. ബാബു, മാനേജിങ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്

24. ഡോ. ബിജു എസ്., മാനേജിങ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK)

25. ശ്രീ. കെ. വി. ബാലകൃഷ്ണൻ നായർ, മാനേജിങ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്

26. ശ്രീ. രവി ശങ്കർ, മാനേജിങ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്

27. ശ്രീ. ഇ. എ. സുബ്രഹ്മണ്യൻ, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

28. ശ്രീ. ജീവ അനന്തൻ, മാനേജിങ് ഡയറക്ടർ, കേരള റൈസ് ലിമിറ്റഡ്

29. ശ്രീ. സുനിൽ ജോൺ കെ ., മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

30. ശ്രീ. അഫ്സൽ അലി കെ ., മാനേജിങ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

31. ശ്രീ. മാത്യു സി . വി., മാനേജിങ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ)

32. ശ്രീ. ശിവപ്രസാദ് കെ. എം., ചീഫ് ഫിനാൻഷ്യൽ ഓഫീസർ, ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്

33. ശ്രീ. രാജശേഖരൻ പിള്ള, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

34. ശ്രീ. സന്തോഷ് കുമാർ എം. പി., മാനേജിംഗ് ഡയറക്ടർ, കാപെക്സ്

35. ശ്രീ. സുകുമാർ എ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്

36. ശ്രീ. വി. എസ്. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്.

37. ശ്രീ. മുരളി പി. കെ., ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ട്), ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്

38. ശ്രീ. സന്തോഷ് എൻ., മാനേജർ (ഫിനാൻസ്), സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.

39. ശ്രീ. ശ്രീജിത് ആർ. പിള്ള, ഡെപ്യൂട്ടി മാനേജർ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

40. ശ്രീ. രമേഷ് ചന്ദ്രൻ ആർ., ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർഥന നമ്പർ 'XXXVII-വ്യവസായങ്ങൾ' സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾക്ക് രൂപം നൽകുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXXVII (വ്യവസായങ്ങൾ)

മൈനിങ് ആൻഡ് ജിയോളജി വകുപ്പ്

2853-02-001-97 — ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

നിലവിലുള്ള KOMPAS പോർട്ടൽ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആക്കി മാറ്റുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2853-02-001-96 — ഖനന ഭ്രവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 2.02 കോടി രൂപ (പ്ലാൻ)

വകുപ്പിന്റെ ആസ്ഥാന കാര്യാലയവും 9 ജില്ലാ ഓഫീസുകളും നവീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2853-02-001-98-97 — ജില്ലാ ഘടകങ്ങളുടെ രൂപീകരണം - വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 1.13 കോടി രൂപ (പ്ലാൻ)

14 ജില്ലാ ഓഫീസുകളിലും കൂടി ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ ഒന്നര ലക്ഷം കിലോമീറ്ററിലധികം ഓടിക്കഴിഞ്ഞതാണെന്നും, വാഹനങ്ങളുടെ പഴക്കം കാരണം ഓരോ വർഷവും വലിയ തുക അറ്റകുറ്റപണികൾക്കായി ചെലവാകുന്നുണ്ടെന്നും, ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വകുപ്പ് വാടകയ്ക്ക്

എടുത്തിട്ടുള്ള വാഹനങ്ങൾക്ക് വാടക നൽകുന്നതിന് മാത്രമേ തികയുകയുള്ളൂവെന്നും പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 2.54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2852-08-600-90 — ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

കശുമാവ് കൃഷിയുടെ നടീൽ രീതികൾ, പരിപാലനം എന്നിവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി കർഷക ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനായി 5 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ഭരണപരമായ ചെലവുകൾ, ഓഫീസ് ചെലവുകൾ, ഭരണ സമിതി അംഗങ്ങളുടെ ടി.എ. മുതലായവയ്ക്കായി 50 ലക്ഷം രൂപയും ചേർത്ത് ആകെ 55 ലക്ഷം രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2852-08-600-82 — കശുവണ്ടി വികസന കോർപ്പറേഷൻ- ബ്രാൻഡ് പ്രോമോഷൻ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

4860-60-190-94 — കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

ആകെ : 4.5 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വസിഷൻ ആൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും, 2022 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 8 കോടി രൂപയും ചേർത്ത് ആകെ 70.05 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. കൂടാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി പ്രത്യേക നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6860-60-190-78 —കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 41 കോടി രൂപ (പ്ലാൻ)

കാഷ്യൂ ബോർഡിന് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് 2026-27-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അപര്യാപ്തമാണെന്നും പ്രതിവർഷം തൊഴിലാളികൾക്ക് കുറഞ്ഞത് 156 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കണമെങ്കിൽ 20000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി, മേൽ ശീർഷകത്തിൽ 39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2885-60-190-91 — കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള വ്യവസായ വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 60.5 കോടി രൂപ (പ്ലാൻ)

കേരളത്തെ ദേശീയവും അന്തർദേശീയവുമായ നിക്ഷേപവേദികളിൽ ശക്തമായി നിലനിർത്തുന്നതിനും നിക്ഷേപകരുമായുള്ള തുടർച്ചയായ ഇടപെടലുകളും ഔട്ട്റീച്ച് പ്രവർത്തനങ്ങളും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഇൻവെസ്റ്റ്മെന്റ് പ്രമോഷനു വേണ്ടി 6 കോടി രൂപയും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷനു വേണ്ടി 4 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4885-60-190-92 —കേരള ലൈഫ് സയൻസ് ഇൻഡസ്ട്രീസ് പാർക്സ് പ്രൈവറ്റ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 65 കോടി രൂപ (പ്ലാൻ)

ഇൻഫ്രാസ്ട്രക്ചർ വികസന പ്രവർത്തനങ്ങൾ , ഭൂമി അനുവദന ആവശ്യങ്ങൾ, ബിസിനസ് വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കും അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ലൈഫ് സയൻസ് പാർക്കിനായി 157.99 കോടി രൂപയും

മെഡിക്കൽ ഡിവൈസസ് പാർക്കിനായി 51.02 കോടി രൂപയും ചേർത്ത് ആകെ 209.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4885-01-200-95—കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ബഡ്ജറ്റ് വിഹിതം : 20.68 കോടി രൂപ

പാലക്കാട് KIZ ന്റെ റോഡ് പണി, മെഗാ ഫുഡ് പാർക്കുമായി ബന്ധപ്പെട്ട പദ്ധതികൾ, PPC തോപ്പുംപടിയുടെയും വൈപ്പിന്റെയും നിർമ്മാണം എന്നിവ പൂർത്തിയാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി 16.25 കോടി രൂപയും KSIDC വ്യവസായിക വളർച്ചാ കേന്ദ്രങ്ങൾക്കായി 8.35 കോടി രൂപയും ചേർത്ത് ആകെ 24.60 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-110-62 —കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം

ബഡ്ജറ്റ് വിഹിതം : ഇല്ല

കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഭക്ഷ്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന ദിനേശ് ഫുഡ്സിലെ തേങ്ങാപ്പാൽ യൂണിറ്റിന്റെ വിപുലീകരണത്തിനും, യൂണിറ്റ് മൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നപരിഹാരത്തിനുമായി തുക ആവശ്യമാണെന്നും ഇതിനായി പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി ഇക്കാര്യത്തിലേക്കായി ഒരു സബ് -ഹെഡ് അനുവദിക്കണമെന്നും 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-104-99 — കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം (പ്ലാൻ)

സുരഭിയിലെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, ശമ്പളം, വാടക, കരകൗശല ഉൽപ്പന്നങ്ങൾ വാങ്ങിയ ഇനത്തിലുള്ള തുക എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 9.50 കോടി രൂപ ധനപുനഃവിനിയോഗ/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6854-01-190-99 — വാളയാർ മലബാർ സിമന്റ്സിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

'മൾട്ടി ചാനൽ മൾട്ടിഫ്യുവൽ ബർണർ ആൻഡ് അഡീഷണൽ കോൾ മിൽ ബാഗ് ഫിൽട്ടർ പദ്ധതി'യുടെയും ക്രഷിങ് ആൻഡ് ഗ്രേഡിങ് പ്ലാന്റ് ഉത്പാദിപ്പിക്കുന്ന പാറകൾ സംസ്കരിക്കുന്ന പദ്ധതിയുടെയും ചെലവുകൾ നിർവഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6853-60-190-97 —ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 19.69 കോടി രൂപ (പ്ലാൻ)

വിതരണക്കാരന്റെ പരിധിയിൽ വരാത്ത സിവിൽ വർക്കിനും , പ്ലാന്റിലെ വിവിധ യന്ത്ര സാമഗ്രികളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി മേൽ ശീർഷകത്തിൽ 2.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6857-02-190-99 —കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

KSDP-യുടെ വികസന പ്രവർത്തനങ്ങൾക്കായി "Installation of Roll Compactor, Automatic packing machine and QC Lab" എന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിൽ സർക്കാർ

വിഹിതമായ 11.73 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 11.73 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-03-190-99 —കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

ഒരു ടൺ വരെ ഭാരം വഹിക്കാൻ ശേഷിയുള്ള പുതിയ ഇലക്ട്രിക്ക് മുച്ചക്രവാഹനങ്ങൾ വിപണിയിലെ ഡിമാൻഡിന് അനുസൃതമായി വികസിപ്പിച്ച് വിപണിയിൽ ഇറക്കുന്നതിനും പ്രൊഡക്ഷൻ പ്ലാന്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി പുതിയ മെഷീനറികളും അനുബന്ധ ഘടകങ്ങളും വാങ്ങി സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-60-190-89 — ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ സമഗ്രമായ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ7.13 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6858-60-190-84 — സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ ആധുനികവൽക്കരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 1.75 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-60-190-94 — കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 6.60 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉൽപാദനശേഷി വിപുലീകരണ പദ്ധതി, പുതിയ ഖനന ഭൂമി വാങ്ങുന്നതിനുള്ള ടോക്കൺ പ്രൊവിഷൻ (ഘട്ടം-I) എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 7.99 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-01-190-98 - ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം പ്ലാന്റിലുള്ള മെഷീനറി തിരുവല്ലാ യൂണിറ്റിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ ഒരു ഫാക്ടറി സ്ട്രക്ച്ചർ പണിയുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-01-190-95 — കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 18.86 കോടി രൂപ (പ്ലാൻ)

മലബാർ സ്പിന്നിംഗ് ആൻഡ് വീവിങ് മില്ലുകളുടെ ഭാഗിക നവീകരണം, KSTC യുടെ നാല് മില്ലുകളിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റം സജ്ജമാക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർ

ഷകത്തിൽ 8.43 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-01-190-99 - തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ1.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6860-60-190-86 — ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (പ്ലാൻ)

ഷോറൂം നവീകരണം, ഡിസൈൻ സ്റ്റുഡിയോ, പ്ലാന്റ് നവീകരണം , സ്റ്റീൽ ഫർണിച്ചർ ഉത്പാദന യൂണിറ്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6854-01-190-98 — കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4.88 കോടി രൂപ (പ്ലാൻ)

കിലൻ നവീകരണം , കാൽസൈൻഡ് ക്ലേ നിർമ്മാണം , LC-3 സിമന്റ് ഉൽപാദനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആദ്യഘട്ട പൂർത്തീകരണത്തിനായി 15 കോടി രൂപ അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-60-190-99 — കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4.28 കോടി രൂപ (പ്ലാൻ)

കണ്ണൂർ അഴീക്കൽ യൂണിറ്റിലെ ഡ്രൈഡോക്ക് സ്ലിപ്പ് വേ നിർമ്മാണം, ഒറ്റപ്പാലം യൂണിറ്റിലെ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് നിർമ്മാണം, ചേർത്തലയിലെ എസ്. എഫ്. യു.വിൽ പ്രീഫാബ് സ്റ്റീൽ സ്ട്രക്ചർ ഫാബ്രിക്കേഷൻ സൗകര്യ നിർമ്മാണം, കണ്ണൂർ അഴീക്കലും ചേർത്തലയിലും RVSF ഫെസിലിറ്റി നിർമ്മാണം എന്നിവയ്ക്കും മെഷീനറികൾ റിപ്പയർ ചെയ്യുന്നതിനുമായി ബഡ്ജറ്റിൽവകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി , മേൽ ശീർഷകത്തിൽ 8.63 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-60-190-76 — കേരള റൈസ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : ഇല്ല.

ആലപ്പുഴ റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനും പാലക്കാട് റൈസ് ടെക്നോളജി പാർക്ക് വികസിപ്പിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 51.81 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4860-60-190-90 — കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 17.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2852-80-003-94 —വ്യവസായിക സ്ഥിതിവിവരഘടകങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.4462 കോടി രൂപ (നോൺ പ്ലാൻ)

2023-24 മുതൽ 2025-26 ജനുവരി വരെയുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 83,776 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.20-ന് യോഗം പിരിഞ്ഞു.

2026 ഫെബ്രുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2026 ഫെബ്രുവരി മാസം 19-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 02.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സണും ബഹു. നിയമവും വ്യവസായവും കയറും വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് വീഡിയോ കോൺഫറൻസിങ് മുഖേന അധ്യക്ഷത വഹിച്ച യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ :

1. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.
2. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
3. ശ്രീ. വി. ശശി, എം.എൽ.എ.
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഒ. മോഹനൻ, അണ്ടർ സെക്രട്ടറി

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 65 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ട് 23.02.2026-ന് സഭയിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.45-ന് പിരിഞ്ഞു.